കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെ ടിഎം പി8/1801/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 21/11/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെ ടിഎം പി8/1801/2024 തീയ്യതി: 21/11/2024

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2023 മുതൽ 30-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ മാത്യു ജേക്കബ്	ഡെപ്യൂട്ടി ഡയറക്ടർ	22-10-2024	30-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-10-2024	30-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഇന്ദുലേഖ എ,ഓഡിറ്റ് ഓഫീസർ
ശ്രീ സുമേഷ് പി വി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ബിനീത് രാജൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഷിബു റ്റി ,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഷാജിമോൾ എൻ	പ്രസിഡന്റ്	01-04-2023	31-03-2024

ശ്രീമതി ഷാലിനി വർഗ്ഗീസ്	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഗ്രീഷ്മ വിജയൻ	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി ബിന്ദു എൽ	ഹെഡ്മിസ്ട്രസ്സ്	01-04-2023	31-03-2024
ഡോ.മിനി ജോസഫ്	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ഡോ.ബിജു ജോൺ	മെഡിക്കൽ ഓഫീസർ സി എച്ച് സി	01-04-2023	31-03-2024
ശ്രീമതി ബീനാ റഹ്മാൻ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീമതി സിന്ധ്യ എൽ കെ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി അനിലാ കെ എസ്	വി ഇ ഓ തലയോലപ്പറമ്പ്	01-04-2023	13-07-2023
ശ്രീമതി ചിത്തിര എസ്	വി ഇ ഓ തലയോലപ്പറമ്പ് (ഇൻ ചാർജ്ജ്)	14-07-2023	30-07-2023
ശ്രീ ഹരികുമാർ വി കെ	വി ഇ ഓ തലയോലപ്പറമ്പ്	31-07-2023	31-03-2024
ശ്രീമതി ചിത്തിര എസ്	വി ഇ ഓ പൊതി	01-04-2023	13-10-2023
ശ്രീ ഹരികുമാർ വി കെ	വി ഇ ഓ പൊതി(ഇൻ ചാർജ്ജ്)	14-10-2023	26-10-2023
ശ്രീമതി സൂര്യ കെ എസ്	വി ഇ ഓ പൊതി	27-10-2023	31-03-2024
ഡോ.സ്മിത രഞ്ജിത്ത്	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	03-04-2023
ഡോ.അബ്ദുൾ ഗഫാർ കെ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	04-04-2023	02-02-2024
ഡോ.ഹേമ ജി നായർ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	03-02-2024	31-03-2024
ശ്രീമതി ജിഷാ ബൈജു	കൃഷി ഓഫീസർ	01-04-2023	27-04-2023
ശ്രീമതി ശ്രുതി രാജ്	കൃഷി ഓഫീസർ	28-04-2023	12-06-2023
ശ്രീമതി അനഘ ആർ	കൃഷി ഓഫീസർ	13-06-2023	31-03-2024
ശ്രീമതി ഷീജാമോൾ കെ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	18-07-2023
ശ്രീമതി സന്ധ്യ എസ് സി	അസിസ്റ്റന്റ് സെക്രട്ടറി	19-07-2023	31-03-2024
ശ്രീമതി പ്രിയാമോൾ വി എസ്സ്	ഫിഷറീസ് എക്സ്ടെൻഷൻ ഓഫീസർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ജനറൽ ഫണ്ട് വിശദാംശം ലഭ്യമായില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24	1-1
3	ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല	1-1-2
4	ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമാക്കിയിട്ടില്ല	1-1-3
5	Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-1-4
6	ഇൻകം & എക്സ്പെൻഡിച്ചർ, റസീപ്റ്റ് & പേയ്മെന്റ്,ബാലൻസ് ഷീറ്റ് എന്നിവയുടെ അബ്സ്ട്രാക്ടിലെ ആകെ തുകയും (വരവ് /ചെലവ്) വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള ആകെ തുകയും (വരവ് /ചെലവ്) വ്യത്യാസപ്പെട്ടിരിയ്ക്കുന്നു	1-1-5
7	ബജറ്റ്-വിശകലനം	1-2
8	സാമ്പത്തിക വിശകലനം	1-3
9	ഗ്രാന്റ് വിനിയോഗം	1-4
10	വാർഷിക പദ്ധതി അവലോകനം	1-5
11	മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി	1-6
12	സാമൂഹ്യസുരക്ഷ പദ്ധതികൾ	1-7
13	കാഷ് ബാലൻസിന്റെ പരിശോധന	1-8
14	ആഭ്യന്തരനിയന്ത്രണ സംവിധാനം	1-9
15	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
16	വസ്തുനികുതി പരിഷ്കരണത്തിന്റെ അനുബന്ധമായ ഫീൽഡ് പരിശോധന പൂർത്തിയായിട്ടില്ല	1-11
17	തൻ വർഷം നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല.	1-12
18	വസ്തുനികുതി നിർണ്ണയത്തിൽ തറനിർമ്മിതിയുടെ തരം പരിഗണിച്ചില്ല	1-13
19	മൊബൈൽ ടവർ - വസ്തുനികുതി നിർണ്ണയിക്കൽ - ചട്ടങ്ങൾ/സർക്കാർ ഉത്തരവ് പാലിച്ചില്ല.	1-14
20	കോടതി വ്യവഹാരങ്ങൾ - പഞ്ചായത്തിന്റെ ഇടപെടലുകൾ കാര്യക്ഷമമല്ല.	1-15
21	ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-16
22	കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല	1-17
23	കാലാവധി കഴിഞ്ഞ ചെക്ക്-തുടർനടപടി സ്വീകരിച്ചു-ഓഡിറ്റ് ഇംപാക്ട്	1-18
24	മഴക്കാലപൂർവ്വ ശുചീകരണം-മുൻകൂർ നൽകിയ ശുചിത്വ മിഷൻ ഫണ്ട് പുന:ക്രമീകരിച്ചില്ല.	1-19
25	വിനോദനികുതി സെസ്- ബാദ്ധ്യത ഹെഡ്ഡിൽ അവശേഷിയ്ക്കുന്നു.	1-20
26	ഉറവിട മാലിന്യ സംസ്കരണം -ഗുണഭോക്തൃ വിഹിതമിനത്തിൽ അധികതുക ഈടാക്കിയതു സംബന്ധിച്ച്	1-21
27	സാനിട്ടറി നാപ്കിൻ വെൻഡിംഗ് ആന്റ് ഡിസ്ട്രോയർ യൂണീറ്റ് - സ്ഥാപിച്ചില്ല.	1-22
28	മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവ്വഹിച്ച വിവിധ പ്രോജക്ടുകളിലെ അപാകതകൾ.	1-23
29	മെൻസ്ട്രൽ കപ്പ് വിതരണം - അപാകതകൾ.	1-24
30	രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ. - ക്വട്ടേഷൻ ക്ഷണിച്ചില്ല., റ്റി.ഡി.എസ് കുറവ് ചെയ്തില്ല.	1-25
31	ടേക്ക് - എ ബ്രേക്ക് നടത്തിപ്പ് - തുടർപ്രവർത്തനങ്ങൾ നടത്തുന്നതിൽ അലംഭാവം	1-26
32	കന്നുകുട്ടി പരിപാലനം - നിർവ്വഹണത്തിലെ അപാകതകൾ.	1-27
33	കറവപ്പശുക്കൾക്ക് കാലിത്തീറ്റവിതരണം (എസ്.സി.പി)- ഗുണഭോക്തൃലിസ്റ്റ് ലഭ്യമായില്ല.	1-28

34	കറവപ്പശുക്കൾക്ക് കാലിത്തീറ്റവിതരണം (ജനറൽ) - അപാകതകൾ.	1-29
35	ഹെൽത്ത് ഗ്രാന്റ് വിനിയോഗം- നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.	1-30
36	സാന്ത്വനപരിചരണ പരിപാടി - ചെലവ് രേഖകൾ ലഭ്യമായില്ല.	1-31
37	അഗതിരഹിതകേരളം പദ്ധതി-സർക്കാർ ഗ്രാന്റ് 46 ലക്ഷത്തിലധികം രൂപ ചെലവഴിക്കാതെ സിഡിഎസ് അക്കൗണ്ടിൽ നിലനിൽക്കുന്നു.	1-32
38	MCF കെട്ടിട നിർമ്മാണം-പദ്ധതി സമഗ്രമായി തയ്യാറാക്കിയില്ല-463130/- രൂപ ചെലവഴിച്ച പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.	1-33
39	ലൈൻ എക്സ്റ്റൻഷൻ ചെലവുകൾ- വിനിയോഗ വിവരമില്ല.	1-34
40	ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.	1-35
41	ഐ.കെ.എം മെമ്പർഷിപ്പ് ഫീസ് - കൈപ്പറ്റ് വിവരങ്ങൾ ലഭ്യമായില്ല.	1-36
42	ബാലസഭ- പദ്ധതി തുക ചെലവഴിച്ചിട്ടില്ല	1-37
43	ലൈഫ് ഭവന പദ്ധതി - മൂന്നാം ഗഡു തുക കൈപ്പറ്റിയിട്ടും ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല	1-38
44	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ	1-39
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 ജനറൽ ഫണ്ട് വിശദാംശം ലഭ്യമായില്ല

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ (OBRP Data) സൂക്ഷിച്ചിട്ടില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24

1.തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 07/06/2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 19/06/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി : 21.11.2024 **ഡെപ്യൂട്ടി ഡയറക്ടർ**

1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച്, മുന്നിരിപ്പ് വിശദാംശമുൾപ്പെടെ രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2023-24 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നത് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമാക്കിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

1-1-4 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-5 ഇൻകം & എക്സ്പെൻഡിച്ചർ, റസീപ്റ്റ് & പേയ്മെന്റ്,ബാലൻസ് ഷീറ്റ് എന്നിവയുടെ അബ്സ്ട്രാക്ടിലെ ആകെ തുകയും (വരവ് /ചെലവ്) വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള ആകെ തുകയും (വരവ് /ചെലവ്) വ്യത്യാസപ്പെട്ടിരിയ്ക്കുന്നു

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ഇൻകം & എക്സ്പെൻഡിച്ചർ, റസീപ്റ്റ് & പേയ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവയുടെ അബ്സ്ട്രാക്ടിലെ ആകെ തുകയും (വരവ്/ചെലവ്) വാർഷിക കണക്കുകളുടെ വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള ആകെ തുകയും (വരവ്/ ചെലവ്) ചുവടെ ചേർക്കും പ്രകാരം വ്യത്യാസപ്പെട്ടിരിയ്ക്കുന്നു.

1) ഇൻകം & എക്സ്പെൻഡിച്ചർ

	ആകെ വരുമാനം (രൂപ)	ആകെ ചെലവ് (രൂപ)
അബ്സ്ട്രാക്ട്	294042858	303488670
ഷെഡ്യൂൾ	147021429	151744335

2) റസീപ്റ്റ് & പേയ്മെന്റ്

	ആകെ വരവ് (രൂപ)	ആകെ ചെലവ് (രൂപ)
അബ്സ്ട്രാക്ട്	171161404.10	171161404.10
ഷെഡ്യൂൾ	85580702.05	85580702.05

3) ബാലൻസ് ഷീറ്റ് (31.03.2024 പ്രകാരം)

	ആകെ ബാധ്യത (രൂപ)	ആകെ ആസ്തി (രൂപ)
അബ്സ്ട്രാക്ട്	83937494.30	83937494.30
ഷെഡ്യൂൾ	83945784.30	83945784.30

മേൽ വിവരിച്ച പ്രകാരമുള്ള പൊരുത്തക്കേടുകൾ സംബന്ധിച്ച വിശദീകരണ പത്രിക ലഭ്യമാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത അപാകത IKM ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിച്ച് തുടർവർഷങ്ങളിൽ ശരിയായ കണക്കുകൾ എയിംസിൽ ഇ-സമർപ്പണത്തിലൂടെ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-2 ബജറ്റ്-വിശകലനം

2023-24 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 23/03/2023-ലെ 1/1-ാം നം തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 09/02/24-ലെ 3/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു.

ഇനം	ബജറ്റ്	
	ആദ്യത്തേത്	പുതുക്കിയത്
മുന്നിരിപ്പ്	63,22,694	45,77,389
വരവ്	21,35,62,022	21,27,58,500
ആകെ	21,98,85,716	21,73,35,889
ചെലവ്	21,77,83,717	20,71,02,426
നീക്കിയിരിപ്പ്	21,01,999	1,02,33,463

ബജറ്റ് പ്രകാരം 21.27 കോടി രൂപ വരവും 20.71 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2023-24 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 14.70കോടി രൂപയും ചെലവ് 15.17 കോടി രൂപയുമാണുള്ളത്. ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിൽ വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേയ്ക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും, സെക്രട്ടറിയും അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് തയ്യാറാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക 2023-24

മുന്നിരിപ്പ് (01/04/2023)	25,120,429.05
ഓഡിറ്റ് വർഷത്തെ വരവ്(Receipt)	6,04,60,273
ആകെ	85580702.05
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment)	53071942
നീക്കിയിരിപ്പ് (31/03/2024)	32,508,760.05

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2023-24

ഓഡിറ്റ് വർഷത്തെ വരുമാനം (Income)	147,021,429.00
ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure)	151,744,335.00
പ്രവർത്തന നഷ്ടം (Gross Deficit)	4722906
ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം	61267
അറ്റ പ്രവർത്തന നഷ്ടം (Net Deficit)	4784173

2023-24 ഓഡിറ്റ് സംക്ഷിപ്തം

വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്)	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	3878493/-

1-4 ഗ്രാന്റ് വിനിയോഗം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

ഗ്രാന്റ്-ഇനം	മുന്നിരിപ്പ്	അലോട്ട്മെന്റ്/ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക	ചെലവ് %
വികസന ഫണ്ട്-ജനറൽ	0	16721000	16721000	14181292	2539708	85
വികസന ഫണ്ട്-SCP	0	6682000	6682000	4756238	1925762	72
വികസന ഫണ്ട്-TSP	---	--	--	--	--	--
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied	8420232	2076500	10496732	2878366	7618366	28
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Untied	4424499	3121928	7546427	3370926	4175501	45
മെയിന്റനൻസ് ഗ്രാന്റ്- Road	0	7085650	7085650	6815738	268912	96
മെയിന്റനൻസ് ഗ്രാന്റ്- Non Road	0	3750000	3750000	3281517	468483	88
National Health Mission (NHM) ഫണ്ട് Diagnostic Purposes& Infrastructure Development	136772	866075	1002847	987621	15226	98
ആരോഗ്യഗ്രാന്റ് (പി.എച്ച്.സി കളുടെ നവീകരണത്തിനുള്ള തുകwellness)	84719	368159	452878	443278	9600	98
ആരോഗ്യഗ്രാന്റ് (പി.എച്ച്.സി കളുടെ കെട്ടിട നിർമ്മാണത്തിനുള്ള തുക)	0	5611000	5611000	--	5611000	0
ഐ.സി.ഡി.എസ്	762080	1445901	2207981	489938	1717998	-
ശുചിത്വമിഷൻ	10130	0	10130	-	10130	0
സമ്പൂർണ്ണശുചിത്വം	163897	902409	1066306	780291	286015	
ലൈഫ് സംസ്ഥാന വിഹിതം	324980	9806193	8800000	1131173	0	0

1. ജി ഒ പ്രോജക്കു കൾ പ്രകാരം (210/24, 214/24, 217/24)1028428/-രൂപ വികസന ഫണ്ട് ജനറലിൽ നിന്നും, ജി ഒ പ്രോജക്കു കൾ പ്രകാരം (211/24, 215/24, 218/24)946103/- രൂപ വികസന ഫണ്ട് എസ്.സി.പി.യിൽ നിന്നും ലൈഫ്ഭവന പദ്ധതി വായ്പ ഇനത്തിൽ കുറവു ചെയ്തിട്ടുണ്ട്.

2. ജി ഒ പ്രോജക്ടു കൾ പ്രകാരം (209/24, 213/24, 216/24)963600/-രൂപ വികസന ഫണ്ട് ജനറലിൽ നിന്നും അംഗനവാടി വേതനമിനത്തിൽ ഇനത്തിൽ കുറവു ചെയ്തിട്ടുണ്ട്.

3.സമ്പൂർണ്ണശുചിത്വം ഇനത്തിൽ സ്വച്ഛഭാരത മിഷൻ വരവു തുക കൂടി ഉൾപ്പെട്ടിട്ടുണ്ട്.

ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

1-5 വാർഷിക പദ്ധതി അവലോകനം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) രണ്ടാം വാർഷിക പദ്ധതിയ്ക്ക് (2023-24) ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവ് നം. 83898/23/DPC/DPO/KTM തീയതി 27.03.2024 പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവർത്തനഘട്ടം	തീയതി/ കമ്മറ്റി തീരുമാനം
ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചു അംഗീകരിച്ചത്	20/12/2022
ആസൂത്രണ സമിതി യോഗം	09/01/23
പദ്ധതി രൂപീകരണ ഗ്രാമസഭകൾ	28/05/23 04/06/23
വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി	13/02/23
ഭിന്നശേഷിഗ്രാമസഭ	06/02/23
വികസനസെമിനാർ	28/02/23
ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചത്	16/03/23
ഭരണസമിതി വാർഷികപദ്ധതി അംഗീകരിച്ചത്	16/03/23 2(1)

2023-24 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ	നടപ്പിലാക്കിയ പ്രോജക്ടുകൾ	അടങ്കൽ	ചെലവ്	ശതമാനം
കൃഷി ഓഫീസർ	8	7	41,31,000	35,14,497	85
വെറ്ററിനറി സർജൻ	11	8	42,76,700	6,95,682	17
മെഡിക്കൽ ഓഫീസർ-പി.എച്ച്.സി	7	7	26,40,897	25,83,507	98

മെഡിക്കൽ ഓഫീസർ-ഹോമിയോ	1	1	3,00,000	3,00,000	100
ഫിഷറീസ് സബ്ഇൻസ്പെക്ടർ	1	1	2,00,000	40,000	20
വി.ഇ.ഒ	11	5	8,49,68,118	30,64,893	37
ഐ.സി.ഡി.എസ് -സൂപ്പർവൈസർ	8	6	59,90,000	44,74,004	74
സെക്രട്ടറി	50	27	1,61,68,801	74,12,780	46,
ഹെഡ്മാസ്റ്റർ	5	2	10,60,000	1,32,727	13
അസിസ്റ്റന്റ് എഞ്ചിനീയർ	81	44	3,55,55,068	1,43,85,563	41
ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	1	1	7,00,000	4,18,747	60
അസിസ്റ്റന്റ് സെക്രട്ടറി	8	5	2249000	14,46,983	65
ആകെ	**192**	**114**	**15,82,39,584**	**6,60,50,383**	**41**

വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 12 നിർവ്വഹണോദ്യോഗസ്ഥരാണ്. **15,82,39,584/-**രൂപ വകയിരുത്തിയതിൽ **6,60,50,383/-** രൂപയാണ് ചെലവഴിക്കാനായത്. അസി.എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 81 പ്രോജക്ടുകളിൽ 44എണ്ണം പൂർത്തിയാക്കി ബിൽ മാറിയിട്ടുണ്ട്. അസി.എഞ്ചിനീയർ 1.43 കോടി രൂപ ചെലവഴിച്ചു. അനുവദിച്ച റോഡ് ഫണ്ടിൽ രണ്ട് ഗഡു മാത്രമെ ഓഡിറ്റു വർഷം അനുവദിച്ചിട്ടുള്ളു. അനുവദിച്ച തുക യിൽ 68.15ലക്ഷം രൂപ ചെലവഴിച്ചിരുന്നു.

.പദ്ധതി നിർവ്വഹണം- പഞ്ചായത്തിന്റെ പൊതുസമീപനം

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷമായ 2023-24 ൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ മുഖാന്തിരം ചർച്ചകൾ നടത്തുകയും അതിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ ഗ്രാമസഭയുടെ പരിഗണനയ്ക്ക് വയ്ക്കുകയും ചെയ്തിരുന്നു.

കാർഷികമേഖലയിൽ നെൽകൃഷിയെ പ്രോൽസാഹിപ്പിയ്ക്കുന്നതിനുള്ള ശ്രമങ്ങളാണ് പദ്ധതി കാലയളവിൽ നടന്നത്. മൃഗസംരക്ഷണമേഖലയിൽ 8 പ്രോജക്ടുകൾ നടപ്പാക്കുകയും ക്ഷീരകർഷകർക്ക് പാലിനു സബ്സിഡിയായി 4.18 ലക്ഷം രൂപ അനുവദിയ്ക്കുന്നതിനും സാധിച്ചിരുന്നു. സാന്ത്വന പരിചരണം, മരുന്നുവാങ്ങൽ, CHCയുടെ അടിസ്ഥാന വികസനം, പാലിയേറ്റീവ് പരിചരണം എന്നിവയായിരുന്നു ആരോഗ്യമേഖലയിലെ പ്രോജക്ടുകൾ.

പാർപ്പിട മേഖലയിൽ ലൈഫ് ഭവന പദ്ധതി കാര്യക്ഷമമായി നിർവഹിച്ചിട്ടുണ്ട്. എസ് സി പി പ്രോജക്ടുകളിൽ സ്കോളർഷിപ്പ് വിതരണം, വിവാഹധന സഹായം എന്നിവയും നടപ്പിലാക്കി. ജലജീവൻ മിഷൻ പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ നൽകുന്നതിനാൽ കുടിവെള്ള പദ്ധതികൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ല.

വയോജന സൗഹൃദ പ്രവർത്തനങ്ങളും, സ്ത്രീകളുടെ ശുചിത്വം മുൻ നിറുത്തിയുള്ള പ്രവർത്തനങ്ങളും, അനുപൂരക പോഷകപദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. മാലിന്യസംസ്കരണ മേഖലയിൽ നേട്ടം കൈവരിയ്ക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളിൽ 32 സ്പിൽ ഓവർ പ്രോജക്ടുകളും 49 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ 81 പ്രോജക്ടുകളിൽ 44 (So27new17) എണ്ണത്തിനു മാത്രമെ ഓഡിറ്റു വർഷം ചെലവു വന്നിട്ടുള്ളു. റോഡ് നവീകരണത്തിനും, അറ്റകുറ്റപ്പണികൾക്കുമാണ് കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്. എം.സി.എഫ് നിർമ്മാണം, സാംസ്കാരികനിലയം നവീകരണം, ഗ്രാമപഞ്ചായത്ത് ഓഫീസ് പുനരുദ്ധാരണം എന്നീ സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തീകരിയ്ക്കാൻ കഴിഞ്ഞില്ല.

പ്രോജക്ടുളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതിയുടെ ഏറ്റവും വലിയ കുറവാണ്. നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ

തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.
സമയബന്ധിതമായി പ്രോജക്റ്റുകൾ നടപ്പാക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനത്തിൽ ലഭ്യമായ തുകയിൽ താഴെപ്പറയും പ്രകാരം ആകെ **52.02 ലക്ഷം** രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്തിട്ടുണ്ട്. റോഡിതരഫണ്ട് ഓഡിറ്റു വർഷം 88%ചെലവ് ഉണ്ടായിട്ടുണ്ട്.

ഗ്രാന്റ്-ഇനം	അലോട്ട്മെന്റ്/ വരവ്	ചെലവ്	സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്ത തുക
വികസന ഫണ്ട്-ജനറൽ	16721000	14181292	2539708
വികസന ഫണ്ട്-എസ്.സി.പി	6682000	4756238	1925762
മെയിന്റനൻസ് ഗ്രാന്റ്-Road	7085650	6815738	268912
മെയിന്റനൻസ് ഗ്രാന്റ്-Non Road	3750000	3281517	468483
ആകെ			**52,02,865**

സാമ്പത്തിക വർഷാവസാനം ലോക്സഭ തെരഞ്ഞടുപ്പ് പ്രഖ്യാപിച്ചതിനാലും, റോഡ് ഫണ്ടിന്റെ അവസാന ഗഡു വിതരണം ചെയ്യാത്തതിനാലും പ്രോജക്ട് ചെലവ് കൂടുതലും സ്പിൽ ഓവറായി.

1-6 മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2023-24 വർഷം 56 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 15 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 314 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 314 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 229 പ്രവൃത്തികൾ പൂർത്തിയാക്കി. 74360 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 234 അയൽകൂട്ടങ്ങളിൽ 234 എണ്ണവും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. `1088 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, നീർക്കുഴി, തുടങ്ങിയ പ്രകൃതി വിഭവ സംരക്ഷണ പ്രോജക്റ്റുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൊഴിലുറപ്പു പദ്ധതി ചെലവുകൾ Direct Beneficiary Transfer (DBT) ആയി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് നൽകുന്നത്. 2023-24 വർഷത്തെ കാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.
31/03/2024 ബാലൻസ് ഷീറ്റ് പ്രകാരം 1220570 രൂപ തൊഴിലുറപ്പിന് മുൻകൂർ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് നടപടി ക്രമങ്ങൾ കൃത്യമാണ്.

<u>വരവു ചെലവിന്റെ സംഗ്രഹം</u>

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	1194.25	512657	513851.25	512300	1551.25
ഇ എഫ് എം എസ്(ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത്)	0	27322837	27322837	27322837	0
ആകെ	1194.25	27835494	27836688	27835137	1551.25

1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2023-24 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	---	---
വാർദ്ധക്യകാലപെൻഷൻ	21282400	2056
കർഷകതൊഴിലാളി പെൻഷൻ	4022400	2605
വിധവാപെൻഷൻ	6628400	4710
50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ	602600	387
വികലാംഗപെൻഷൻ	2773100	1809
വിവാഹ ധനസഹായം	120000	4

1-8 കാഷ് ബാലൻസിന്റെ പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2023-24 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ്, ഫ്രണ്ട് ഓഫീസ് ക്യാഷ്യർ എന്നീ ജീവനക്കാരുടെ സാന്നിധ്യത്തിൽ 22/10/2024 തീയതിയിൽ 3-10 PM സമയത്ത് നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ 3476/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ സെക്ഷന് കൈമാറാനുള്ള ഫയലുകൾ രജിസ്റ്ററിൽ ചേർത്ത് രേഖാമൂലം കൈമാറി നൽകുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/പഞ്ചായത്ത് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു. വാർഷിക കണക്ക് പിശോധനയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ഫയലുകൾ, രജിസറ്ററുകൾ (നിക്ഷേപ രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, B-4 പട്ടികയിലെ ഗ്രാന്റുകളുടെ ACR, ലോൺ രജിസ്റ്റർ, ഡി.സി. ഇനങ്ങളുടെ രജിസ്റ്ററുകൾ) എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ആയതിനാൽ ഓഡിറ്റു വർഷത്തെ വാർഷികകണക്കുകളുടെ തയ്യാറാക്കൽ പ്രശംസനീയമായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	03.05.2021-04.05.2021	01.04.2020 മുതൽ 31.03.2021	റിപ്പോർട്ട് ലഭിച്ചില്ല.

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	22/03/2014 – 25/04/2014	2008/09 – 2012/13	LBA(HQ)11/8A-2144/84 Dt 03/06/2014

1-11 വസ്തുനികുതി പരിഷ്കരണത്തിന്റെ അനുബന്ധമായ ഫീൽഡ് പരിശോധന പൂർത്തിയായിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(കൈ) 77/2023/തസ്വഭവ തീയതി 22.3.2023 പ്രകാരം 31.3.2023 വരെ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവയിലെ മാറ്റങ്ങൾ സംബന്ധിച്ച വിവരങ്ങൾ (ഫോറം 9B) കെട്ടിട ഉടമകളിൽനിന്ന് ശേഖരിച്ച് ഫീൽഡ് പരിശോധന നടത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്തിലെ ഫീൽഡ് പരിശോധന നടപടികളുടെ നിലവിലെ സ്ഥിതി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/23.10.2024) ലഭ്യമാക്കിയ മറുപടിയിൽ ഫീൽഡ് പരിശോധന നടത്തുന്നതിന് സർക്കാർ നിശ്ചയിച്ച യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നുവെങ്കിലും ആരും അപേക്ഷ സമർപ്പിച്ചില്ലായെന്നും തുടർന്ന് ആർ ഐ സെന്റർ, കോട്ടയം എന്ന സ്ഥാപനം മുഖേന നിയമിച്ച നിർദ്ദിഷ്ട യോഗ്യതയുള്ള രണ്ട് വ്യക്തികൾ 1,15 വാർഡുകളിലെ വിവരശേഖരണം പൂർത്തിയാക്കിയെന്നും നിലവിൽ വാർഡ് 3 വിവരശേഖരണം നടന്നുവരുന്നതായും അറിയിച്ചു. വിവരശേഖരണം പൂർത്തിയാക്കി ഡേറ്റാ എൻട്രി, ആവശ്യമായ ഉപരിപരിശോധനകൾ എന്നിവ നടത്തി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 തൻ വർഷം നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22/03/2023 ലെ സ.ഉ.(കൈ) നം.77/2023 നമ്പർ വസ്തുനികുതി പരിഷ്ക്കരണ ഉത്തരവ് പ്രകാരം 2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് തുടർ വർഷങ്ങളിൽ 5% വീതം നികുതി വർദ്ധനവും 01/04/2023 മുതൽ നികുതി നിർണ്ണയം നടത്തുന്ന കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കുമാണ് പ്രാബല്യത്തിൽ വരുത്തേണ്ടത്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.10.2023 ലെ (3/1നം.) തീരുമാന പ്രകാരം പുതുക്കിയ വസ്തുനികുതി നിരക്കുകൾ അന്തിമമായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 01/04/2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട പല കെട്ടിടങ്ങൾക്കും പഴയ നിരക്കിൽ തന്നെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്/ കെട്ടിട നമ്പർ	ഉടമസ്ഥന്റെ വിവരം	ഉപയോഗക്രമം	വിസ്തീർണ്ണം (ച മീ)	വസ്തുനികുതി നിർണ്ണയിച്ച നിരക്ക് (ച.മീറ്ററിന്)	നിർണ്ണയിക്കേണ്ടിയിരുന്ന പുതിയ നിരക്ക് (ച.മീറ്ററിന്)
1	1,129/A	സജിത്ത് സലിം & സജന എം സജിത്ത്	പാർപ്പിടാവശ്യം	140.89	7	8
2	2,318/A	അനീഷ് ടി എ	പാർപ്പിടാവശ്യം	181.31	7	8
3	3,465/C	ഷംസുദ്ദീൻ കെ എം	പാർപ്പിടാവശ്യം	91.09	7	8
4	4,465/C	എം രാജൻ	പാർപ്പിടാവശ്യം	188.9	7	8

ഇപ്രകാരം 01/04/2023 നു ശേഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/23.10.2024) ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരാത്തതിനാലാണ് പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കാൻ സാധിക്കാത്തതെന്ന് അറിയിച്ചു. സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി പരിഷ്കരിക്കുന്നതിനുള്ള സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ടി കെട്ടിടങ്ങളുടെയും മറ്റ് സമാന

കെട്ടിടങ്ങളുടെയും നികുതി പരിഷ്കരിച്ച് ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 വസ്തുനികുതി നിർണ്ണയത്തിൽ തറനിർമ്മിതിയുടെ തരം പരിഗണിച്ചില്ല

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) 2011 ചട്ടം 6(3) പ്രകാരം 250 ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് മേൽത്തരം തറനിർമ്മിതിയുടെ തരം അനുസരിച്ച് അടിസ്ഥാന വസ്തുനികുതിയിൽ 15% വർദ്ധന വരുത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ 2023-24 സപ്ളിമെന്ററി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള താഴെ ചേർക്കുന്ന കെട്ടിടങ്ങളുടെ തറനിർമ്മിതിയുടെ തരം, മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് ഗണത്തിൽപ്പെട്ടതാണോയെന്ന പരിശോധന നടത്താതെ വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	ഉടമ	കെട്ടിടത്തിന്റെ ഉപയോഗം	വിസ്തീർണ്ണം (ച മീ)
1	340/B,C	ടോം കെ സേവ്യർ, കാമ്പടത്തിൽ	വാണിജ്യാവശ്യം - 100 ച മീ മുതൽ 500 ച മീ വരെ	364.14
2	497/E,F,G,H,J	കെ ബാബു,എം ഡി, ജെന്റിൽമാൻ ചിട്ടി ഫണ്ട്	വാണിജ്യാവശ്യം - 100 ച മീ മുതൽ 500 ച മീ വരെ	2308.53

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ ഉടമസ്ഥർ സമർപ്പിച്ച ഫോറം 2 ൽ തറനിർമ്മിതിയുടെ തരം ഏതെന്ന് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ ഫീൽഡ് പരിശോധനാ റിപ്പോർട്ടിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലില്ല. ആയതിനാൽ മേൽ കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് ഉറപ്പാക്കാതെ നികുതി നിർണ്ണയം നടത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/26.10.2024) ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ 1 പ്രകാരമുള്ള കെട്ടിടത്തിന്റെ തറ സാധാരണ തറ നിർമ്മിതിയിൽ ഉൾപ്പെട്ടതാണെന്ന മറുപടി നൽകി. എന്നാൽ തറനിർമ്മിതിക്ക് ഏത് വസ്തുവാണ് ഉപയോഗിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല. കൂടാതെ സ്ഥാപനം നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതാണെന്നും സ്ഥാപനം പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് തറനിർമ്മിതിയുടെ തരം സംബന്ധിച്ച് വ്യക്തത വരുത്തുന്നാതെന്നും അറിയിച്ചു. വിശദമായ ഫീൽഡ് പരിശോധന നടത്തി ആവശ്യമെങ്കിൽ വസ്തുനികുതി പരിഷ്കരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ക്രമനമ്പർ 2 പ്രകാരമുള്ള കെട്ടിടത്തിന്റെ തറ ടൈൽസ് കൊണ്ടാണ് നിർമ്മിച്ചിട്ടുള്ളതെന്നും ആയതിനാൽ സാധാരണ തറ എന്ന വിഭാഗത്തിലാണ് (സാധാരണ തറ, മൊസൈക്ക്, തറയോട് തുടങ്ങിയവ) ഉൾപ്പെടുന്നതെന്നും അറിയിച്ചു. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) 2011 ചട്ടം 6 പട്ടിക 6 ൽ നിന്നും മേൽത്തരം വസ്തുക്കളുടെ തരത്തിൽ നിന്നും സ ഉ (പി) 88/2013/തസ്വഭവ 13/03/2013 പ്രകാരം ഒഴിവാക്കിയിട്ടുള്ളത് വിട്രിഫൈഡ്/ഗ്ലേസ്സ് ടൈലുകളെ മാത്രമാണ്. മേൽ കെട്ടിടത്തിന്റെ തറനിർമ്മിതി ഏതിനം ടൈലാണെന്ന് സെക്രട്ടറി മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. വിശദമായ ഫീൽഡ് പരിശോധന നടത്തി ആവശ്യമെങ്കിൽ വസ്തുനികുതി പരിഷ്കരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 മൊബൈൽ ടവർ - വസ്തുനികുതി നിർണ്ണയിക്കൽ - ചട്ടങ്ങൾ/സർക്കാർ ഉത്തരവ് പാലിച്ചില്ല.

ഗ്രാമപഞ്ചായത്ത് വാർഡ് 10 ൽ ഒരു മൊബൈൽ ടവർ പ്രവർത്തിക്കുന്നുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നടത്തിയ പരിശോധനയിൽ വാർഡ് 10 ൽ മൊബൈൽ ടവറുകളുടെ ഉപയോഗക്രമത്തിൽ കെട്ടിടങ്ങളൊന്നും നികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/25. 10.24)

ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പത്താം വാർഡിൽ മൊബൈൽ ടവർ സ്ഥാപിക്കപ്പെട്ടതായി ബോദ്ധ്യപ്പെട്ടവെന്നും 17.01.2023 ലെ ജി ഓ (പി) 10/2023/തസ്വഭവ ഉത്തരവ് പ്രകാരം ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിന് പെർമിറ്റ് ആവശ്യമില്ലെന്നും അറിയിച്ചു. എന്നാൽ മേലുത്തരവ് പ്രകാരം ഇത്തരത്തിലുള്ള നിർമ്മാണങ്ങൾ നടത്തുന്നുന്നതിനു മുമ്പായി ആവശ്യമായ രേഖകൾ ഉൾപ്പെടെ സെക്രട്ടറിക്ക് അറിയിപ്പ് നൽകേണ്ടതും നിശ്ചിത ഫീസ് ഒടുക്കേണ്ടതുമാണ്. മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് ടവർ സ്ഥാപിച്ച ബിഎസ്എൻഎൽ തലയോലപ്പറമ്പിനു കത്ത് നൽകിയതായി പഞ്ചായത്ത് മറുപടിയിൽ അറിയിച്ചു. മേൽ സ്ഥാപനത്തിൽ നിന്നുള്ള അറിയിപ്പ് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കേണ്ടതും ടവർ സ്ഥാപിക്കുന്നതിനുള്ള നിശ്ചിത ഫീസ്, നികുതി നിർണ്ണയം നടത്തി വസ്തുനികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം. 40395/RC2/2014/LSGD വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ പ്രകാരം അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കേണ്ടതുമാണ്.

1-15 കോടതി വ്യവഹാരങ്ങൾ - പഞ്ചായത്തിന്റെ ഇടപെടലുകൾ കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്ത് എട്ടാം വാർഡിൽ ബ്രെഡ് ബാസ്ക്കറ്റ് എന്ന സ്ഥാപനം കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് നടത്തിയ നിർമ്മാണം സംബന്ധിച്ച് 2021-22 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. (ഓഡിറ്റ് പരാമർശം നമ്പർ 1-13). മേൽ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/26.10.24) ലഭ്യമാക്കിയ മറുപടിയിൽ മേൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച് നമ്പർ നൽകിയതിന് ശേഷം (വാർഡ് 8/48 ബി,സി) കെട്ടിട ഉടമ അനധികൃത നിർമ്മാണം നടത്തുകയായിരുന്നുവെന്ന് അറിയിച്ചു. ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മുൻസിഫ് കോടതി, വൈക്കം മുമ്പാകെ കെട്ടിട ഉടമയായ ശ്രീ കുഞ്ഞുമോൻ സിറിയക്, മഞ്ജുഷ ഹൗസ് സമർപ്പിച്ച പരാതിയിൽ 10/10/2023 തീയതിയിൽ (ഓ എസ് നം 183/2021) പ്രകാരമുണ്ടായ വിധിന്യായത്തിൽ നിന്നും താഴെപ്പറയും പ്രകാരമുള്ള വസ്തുതകൾ സംഗ്രഹിക്കാവുന്നതാണ്. കെട്ടിട ഉടമ കെട്ടിത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പർ ലഭിച്ചതിന് ശേഷം പുരയിടത്തിന്റെ വടക്ക് കിഴക്ക് ഭാഗത്തുള്ള കിണറിന് ചുറ്റുമതിലും മറ്റ് ചില താൽക്കാലിക നിർമ്മാണങ്ങളും നടത്തി. 18.09.2020 ൽ പഞ്ചായത്ത് ഇത് സംബന്ധിച്ച് നൽകിയ നോട്ടീസിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക നിർമ്മാണങ്ങൾ നീക്കം ചെയ്തു. കെട്ടിട ഉടമ ബിൽഡിംഗ് പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ചുവെന്ന് കാണിച്ച് 08. 09. 2021 ലെ എ3/4700/20 പ്രകാരം പഞ്ചായത്ത് നോട്ടീസ് നൽകി. തുടർന്ന് കെട്ടിട ഉടമ ബഹുമാനപ്പെട്ട കോടതിയെ സമീപിച്ചു. എന്നാൽ എതിർ കക്ഷിയായ ഗ്രാമപഞ്ചായത്ത് വിസ്താരത്തിന് ഹാജരായി എങ്കിലും സമയ ബന്ധിതമായി Written Statement ഫയൽ ചെയ്യുകയുണ്ടായില്ല. ഇതേ തുടർന്ന് Exparte ആയി ഈ വിഷയത്തിൽ കോടതി വിധിയുണ്ടായി. മേൽ വിധിപ്രകാരം പരാതിക്കാരൻ സമർപ്പിച്ച രേഖകളുടെയും ഈ വിഷയത്തിൽ നിയമിക്കപ്പെട്ട അഭിഭാഷക കമ്മീഷന്റെ റിപ്പോർട്ടും പരിഗണിച്ച് മേൽ നിർമ്മാണങ്ങൾ സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിൽ നിന്നും കേസിൽ പ്രതിയായ ഗ്രാമപഞ്ചായത്തിനെ വിലക്കി. പ്രതികൂലമായ കോടതി വിധി ഉണ്ടായിട്ടും ഈ വിഷയത്തിൽ അപ്പീൽ പോകുന്നത് ഉൾപ്പെടെയുള്ള തുടർനടപടികൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായതായി കാണുന്നില്ല. കൂടാതെ ഈ വിഷയത്തിൽ കോടതി മുമ്പാകെ ആവശ്യമായ വിവരങ്ങൾ ബോധ്യപ്പെടുത്തുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. കോടതി വ്യവഹാരങ്ങൾ സംബന്ധിക്കുന്ന തുടർനടപടികൾ നിരീക്ഷിക്കുന്നതിനുള്ള സ്യൂട്ട് രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല. പഞ്ചായത്ത് പ്രതിസ്ഥാനത്തുള്ള കേസിൽ സമയബന്ധിതമായി ഇടപെടലുകൾ നടത്താതിരുന്നത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പാളിച്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. കോടതി നടപടികൾ സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/30. 10. 2024) മറുപടി ലഭ്യമാക്കിയില്ല. വിഷയത്തിൽ വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-16 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കുന്നതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം
1.	മോർ സൂപ്പർ മാർക്കറ്റ് തലയോലപ്പറമ്പ്	2
2	V-GOLD തലയോലപ്പറമ്പ്	1
3	തിരുപുരം ദേവസ്വം	2
4	Kerala State Bevarage Corparation	2
5	മരിയ സൂപ്പർ ഷോപ്പി	1
6	ICM കംപ്യൂട്ടേഴ്സ്	1,2
7	ഭാഗ്യലക്ഷ്മി ഫ്യൂവൽസ്	1
8	അപ്പോളോ ഫാർമസി	2
9	ബ്രെഡ് ബാസ്കറ്റ് ബേക്കറി	2
10	ബ്രെഡ് ബാസ്കറ്റ് ഓവൻ	2
11	ഗവ.യു.പി സ്കൂൾ തലയോലപ്പറമ്പ്	2

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കാതിരുന്നതിന് വിശദീകരണമാവശ്യപ്പെട്ടുനൽകിയ (22/25.10.2024) നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ക്രമ നമ്പർ 5,11 എന്നിവ ഒഴികെയുള്ള സ്ഥാപനങ്ങളുടെ നികുതി ഈടാക്കിയതിന്റെ ബിൽ നമ്പർ സഹിതം നൽകിയ മറുപടി പരിശോധിച്ചതിൽ ജീവനക്കാരുടെ തൊഴിൽ നികുതി 2024-25 സാമ്പത്തിക വർഷം മാത്രമാണ് അടവുവരുത്തിയത് എന്ന് കാണുന്നു. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കുന്ന ഡി.സി.ബി പത്രിക പ്രകാരം ഡിമാന്റ് ചെയ്ത തുക പൂർണ്ണമായും അടവാക്കിയതായാണ് കാണിച്ചിരിക്കുന്നത്. രേഖകൾ കൃത്യമായി പരിശോധിക്കാതെ തെറ്റായ കണക്കുകൾ സാക്ഷ്യപ്പെടുത്തിയതിനാൽ ഗ്രാമപഞ്ചായത്തിന് യഥാസമയം ലഭിക്കേണ്ട നികുതിപ്പണം പിരിച്ചെടുക്കാൻ കഴിയാതിരുന്നത് കൃത്യവിലോപമാണ്. ക്രമനമ്പർ 5-മരിയ ഷോപ്പിയുടെ നികുതി രണ്ടാം അർദ്ധവർഷം മുതലാണ് ഡിമാൻറ് ചെയ്തു തുടങ്ങിയതെന്നാണ് മറുപടി നൽകിയത്. കൂടാതെ വൈക്കം താലൂക്ക് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് ബാങ്ക്, വൈക്കം അർബ്ബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതിയും ഡിമാൻറ് ചെയ്ത് ഈടാക്കിയിട്ടില്ല. ഡിമാൻറ് രജിസ്റ്ററിലെ സ്ഥാപനങ്ങളുടെ വിവരങ്ങൾ അപൂർണ്ണമാണ്. ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 669 സ്ഥാപനങ്ങളാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്നത്. വാർഡ് തലത്തിൽ ജനപ്രതിനിധികളുടെ സഹായത്തോടെ വിവരശേഖരണം നടത്തി കൂടുതൽ സ്ഥാപനങ്ങളെ നികുതി പരിധിയിൽ കൊണ്ടുവന്ന് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശിത സ്ഥാപനങ്ങളുടെ തൊഴിൽ നികുതി/സ്ഥാപന നികുതി പിഴപ്പലിശ സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം ഈ ഓഫീസിൽ

ലഭ്യമാക്കേണ്ടതാണ്. വരുമാനാടിസ്ഥാനത്തിൽ തൊഴിൽ നികുതി തിട്ടപ്പെടുത്തി ഡിമാന്റ് ചെയ്യുവാൻ പഞ്ചായത്തിന് സാധിക്കുന്നില്ല. ആയതിനാൽ കാലികമായ വിവരശേഖരണം നടത്തി കൂടുതൽ സ്ഥാപനങ്ങളെ നികുതിയിൽ കൊണ്ടുവന്ന് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. നികുതി കുടിശ്ശികയായ പരാമർശിത സ്ഥാപനങ്ങളുടെ 2023-24 ലെ തൊഴിൽ നികുതി/സ്ഥാപന നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2023-24 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2023-24 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് കരാർ വച്ച, നികുതി ഡിമാന്റ് ചെയ്യപ്പെടാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

ക്രമ നം.	2023-24 ലെ കരാറുകാരൻ/ കരാർ ഏറ്റെടുത്ത വ്യക്തി/ സ്ഥാപനം
1.	എം.വി ചാക്കോ
2.	ജോൺസൺ ജോസ്
3.	ജോസ്മോൻ തോമസ്
4.	രാജീവ് പി.പി
5.	ജോസഫ് ജോസ്
6.	ജയിംസ് ജേക്കബ്
7.	ജോസഫ് കുര്യൻ
8.	വിനോദ് കുമാർ വി.സി
9.	Pulayilakkalayil Constructions
10.	Nediyoram Constructions
11	സേവ്യർ സി.എം
12	വിൽസൺ റ്റി ആൻറണി
13	ബാബു ഓ.എം

ഗ്രാമ പഞ്ചായത്തിൽ 2023-24 വർഷം മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് കരാർ ചമച്ച മേൽ പരാമർശിത കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (28/28.10.2024), ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് അസി.എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറക്ക് വിവരങ്ങൾ അറിയിക്കുമെന്നുമാണ് മറുപടി നൽകിയത്. ഇവരിൽ നിന്ന് 2023-24 വർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-18 കാലാവധി കഴിഞ്ഞ ചെക്ക്-തുടർനടപടി സ്വീകരിച്ചു-ഓഡിറ്റ് ഇംപാക്ട്

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) റൂൾസ്, 2011, വകുപ്പ് 6(5) പ്രകാരം ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ബാലൻസ് ബാങ്ക് ബുക്ക് ബാലൻസുമായി എല്ലാ മാസവും പൊരുത്തപ്പെടുത്തൽ നടത്തേണ്ടതാണ്. മാർച്ച് 2024 ലെ റിക്കൺസിലിയേഷൻ പത്രിക പ്രകാരം ജില്ലാ സഹകരണബാങ്ക് തലയോലപ്പറമ്പ് ശാഖയിലെ (A/C 133212322000034) ചുവടെ ചേർക്കുന്ന ചെക്ക് തുകകൾ പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ലാത്തതാണ്.

രസീത് നമ്പർ	തീയതി	ചെക്ക് നമ്പർ	ചെക്ക് തീയതി	തുക
008050400003	03.10.2018	425092	04.09.2018	1250
008050400004	26.10.2018	426023	17.09.2018	750
119050500020	26.06.2019	654272	24.06.2019	950

തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ലാത്തതിന് വിശദീകരണമാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (30/29.10.2024) പരാമർശിത തുകയായ 2950/- രൂപ 30.10.2024 തീയതിയിൽ

പഞ്ചായത്തിന്റെ 0802073000000173 എന്ന അക്കൗണ്ടിൽ ഓഡിറ്റ് നിർദ്ദേശ പ്രകാരം ഗൂഗിൾ പേ വഴി അടവാക്കിയിട്ടുണ്ടെന്ന് രേഖാ മൂലം മറുപടി നൽകിയിട്ടുണ്ട്.

1-19 മഴക്കാലപൂർവ്വ ശുചീകരണം-മുൻകൂർ നൽകിയ ശുചിത്വ മിഷൻ ഫണ്ട് പുനഃക്രമീകരിച്ചില്ല.

വൗച്ചർ നം 22300322/6.7.2023, 2230325/6.7.2023 എന്നീ വൗച്ചറുകൾ പ്രകാരം 300000/- രൂപ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തികൾക്കായി തനത് ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലേയും ഹെൽത്ത് സാനിട്ടേഷൻ കമ്മറ്റിയുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട്. ആയതിൽ 150000 ശുചിത്വ മിഷൻ ഫണ്ട് ലഭിക്കാതിരുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയ തുകയാണ്. തുക ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും റീകൂപ്പ് ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/25.10.2024) ലഭ്യമാക്കിയ മറുപടിയിൽ ഫണ്ട് ശുചിത്വ മിഷനിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് തനത് ഫണ്ടിലേയ്ക്ക് റീകൂപ്പ് ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി നൽകി. 150000/- രൂപ തനത് ഫണ്ടിലേയ്ക്ക് റീകൂപ്പ് ചെയ്ത് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആയതുവരെ 150000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 വിനോദനികുതി സെസ്- ബാദ്ധ്യത ഹെഡ്ഡിൽ അവശേഷിയ്ക്കുന്നു.

2023-24 വർഷത്തെ വാർഷിക കണക്കുകളിലെ ബി-9 ഷെഡ്യൂൾ പ്രകാരം (ശീർഷകം നം.350400107) വിനോദ നികുതി സെസ് ഇനത്തിൽ പിരിച്ചിട്ടുള്ള 1802292 രൂപ സർക്കാരിലേക്ക് ഒടുക്കുവാൻ ശേഷിക്കുന്നു. പ്രസ്തുത തുക 03.08.2016 മുതൽ 09.08.16 വരെയുള്ള കാലയളവിൽ ഈടാക്കിയിട്ടുള്ളതാണെന്നും പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും വേണ്ടിവന്ന അധിക ചെലവ് ഭാരം മൂലം ഫണ്ടിന്റെ അപര്യാപ്തത നേരിട്ടതു കൊണ്ടാണ് തിരിച്ചടയ്ക്കാത്തതെന്നും മുൻ വർഷം വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. 2017-18- ൽ ചരക്കു സേവന നികുതി നിലവിൽ വന്നതിനെ തുടർന്ന് പ്രാദേശിക സർക്കാരുകൾക്ക് വിനോദനികുതിയുടെ നഷ്ടപരിഹാര തുക 30.10.2018-ലെ സ ഉ (സാധാ) നം8957/2018 /ധന ഉത്തരവുപ്രകാരം 7974899/-രൂപ ലഭ്യമായിരുന്നു. കൂടാതെ കാർണിവൽ സിനിമാസിന്റെ കുടിശ്ശിക തുകയായ 15.77 ലക്ഷം രൂപ 2023-24 സാമ്പത്തിക വർഷം വരെ ഈടാക്കിയിട്ടുണ്ട്. ഭീമമായ തുക നഷ്ടപരിഹാരയിനത്തിൽ തിരികെ ലഭിച്ചിട്ടും പ്രസ്തുത തുക സർക്കാരിലേക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിയ്ക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (26-28/10/2024) മറുപടിയായി ബാദ്ധ്യത ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്ന തുക അടവാക്കുന്നതിന് കമ്മറ്റി തീരുമാനമെടുത്ത് അടിയന്തിര നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക യഥാവിധി സർക്കാരിലേക്ക് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-21 ഉറവിട മാലിന്യ സംസ്കരണം -ഗുണഭോക്തൃ വിഹിതമിനത്തിൽ അധികതുക ഈടാക്കിയതു സംബന്ധിച്ച്

വിഇഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം എന്ന പ്രോജക്ട് പ്രകാരം (17/24) ഐ ആർ റ്റി സി യിൽ നിന്നും ആയിരുന്നു മാലിന്യ സംസ്കരണ യൂണിറ്റുകൾ വാങ്ങുന്നതിന് തീരുമാനിച്ചത്. ആയതു പ്രകാരം ഗുണഭോക്തൃ വിഹിതം (130/-) നിരക്കിൽ 1634 ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കിയിരുന്നു. എന്നാൽ സി എഫ് സി ടൈഡ് ഫണ്ട് ലാപ്സായതിനാൽ പ്രോജക്ട് നിർഹണം തടസ്സപ്പെട്ടു. ശേഷം മറിയ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തീരുമാനിച്ചു. പ്രസ്തുത സ്ഥാപനത്തിൽ മാലിന്യ സംസ്കരണ യൂണിറ്റുകൾക്ക് നിരക്ക് കുറവായതിനാൽ 86 രൂപ (പ്രോജക്ട് നം -17/24) നിരക്കിൽ ആയിരുന്നു ഗുണഭോക്തൃ വിഹിതം (1011 ഗുണഭോക്താക്കൾ) ഈടാക്കിയത്. ഈടാക്കിയ തുക മറിയ ഏജൻസിയ്ക്ക് കൈമാറുകയും പ്രോജക്ട് നിർവ്വഹണം കാര്യക്ഷമമായി പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ അധികമായി ഈടാക്കിയ ഗുണഭോക്തൃ വിഹിതം 125474/-രൂപ പഞ്ചായത്തു ഫണ്ടിൽ അവശേഷിയ്ക്കുന്നു. വാർഷികകണക്ക് B4 പട്ടിക പ്രകാരം 396517/-രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ അവശേഷിയ്ക്കുന്നു. വിഇ ഒയുടെ പ്രോജക്ടു പ്രകാരം (ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം) ഈടാക്കിയ അധിക ഗുണഭോക്തൃ വിഹിതം തിരികെ നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23-26/10/24) മറുപടിയായി വിഇ ഒ യുടെ റിപ്പോർട്ട് പ്രകാരം അവശേഷിയ്ക്കുന്ന തുകയായ 124516/- രൂപയിൽ, ഐ ആർ റ്റി സിയ്ക്ക് നൽകാനുള്ളത് 97500/-രൂപയും, ഗുണഭോക്താക്കൾക്ക് നൽകാനുള്ള 27016/- രൂപയും ഉൾപ്പെടെ ആകെ 249032/- രൂപയാണുള്ളതെന്നും ബാക്കി തുകയായ 147485/- രൂപ, 2018-19 മുതൽ ബാലൻസ് ഷീറ്റിൽ അവശേഷിയ്ക്കുന്ന തുകയാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. B4 പട്ടിക പ്രകാരമുള്ള 396517/- രൂപയിൽ ബാദ്ധ്യതയായി അവശേഷിയ്ക്കുന്ന ഗുണഭോക്തൃ വിഹിതം തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

1-22 സാനിട്ടറി നാപ്കിൻ വെൻഡിംഗ് ആന്റ് ഡിസ്ട്രോയർ യൂണീറ്റ് - സ്ഥാപിച്ചില്ല.

പ്രോജക്ട് നമ്പർ, പേര്	181/24 സാനിട്ടറി നാപ്കിൻ വെൻഡിംഗ് ആന്റ് ഡിസ്ട്രോയർ യൂണിറ്റ്
അടങ്കൽ, ഫണ്ടിനം	50000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ് തുക	49890/-
ബിൽ നമ്പർ, തീയതി	401/25.3.24
നിർവ്വഹണ ഏജൻസി	കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ
നിർവ്വഹണോദ്യാഗസ്ഥൻ	സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും സാനിട്ടറി നാപ്കിൻ വെൻഡിംഗ് ആന്റ് ഡിസ്ട്രോയർ യൂണിറ്റ് വാങ്ങിയിട്ടുണ്ട്. പ്രസ്തത യൂണിറ്റ് നാളിതുവരെ സ്ഥാപിക്കാതെ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. പ്രോജക്ട് പ്രകാരം യൂണിറ്റ് സ്ഥാപിക്കാൻ വിഭാവനം ചെയ്തിരുന്ന സ്ഥലം ഏതെന്ന് വ്യക്തമല്ല. പ്രസ്തുത യൂണിറ്റ് നാളിതുവരെ സ്ഥാപിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 5/24.10.24) നൽകുകയുണ്ടായി. തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഓഫീസിലെ ടോയ് ലെറ്റിൽ വെൻഡിംഗ് ആന്റ് ഡിസ്ട്രോയർ യൂണിറ്റ് സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്ന് മറുപടി ലഭ്യമാക്കി. ഓഫീസ് സ്ഥിതിചെയ്യുന്ന നിലവിലത്തെ നിലയിൽ യൂണിറ്റ് സ്ഥാപിക്കാനുള്ള സൗകര്യങ്ങളില്ലെന്നും നിലവിൽ ഫർണ്ണിഷിംഗ് നടന്നുകൊണ്ടിരിക്കുന്ന മുകളിലത്തെ നിലയിലെ ടോയ്‌ലെറ്റിൽ യൂണിറ്റ് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും മറുപടി ലഭ്യമാക്കി. ഉപകരണം സ്ഥാപിക്കേണ്ട സ്ഥലം/കെട്ടിടം കണ്ടെത്താതെ ഉപകരണം വാങ്ങിയത് ക്രമപ്രകാരമല്ല. ഏഴ് മാസത്തോളമായി വെൻഡിംഗ് ആന്റ് ഡിസ്ട്രോയർ യൂണിറ്റ് സ്ഥാപിക്കാതെ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നത് പദ്ധതി നിർവ്വഹണത്തിലെ അപാകതയാണ്. സാനിട്ടറി നാപ്കിൻ വെൻഡിംഗ് ആന്റ് ഡിസ്ട്രോയർ യൂണിറ്റ് സ്ഥാപിച്ചതിന് ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആയതുവരെ ടിയിനത്തിൽ ചെലവഴിച്ച 49890/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവ്വഹിച്ച വിവിധ പ്രോജക്ടുകളിലെ അപാകതകൾ.

പ്രോജക്ട് നമ്പർ, പേര്	അടങ്കൽ തുക, ഫണ്ടിനം	ചെലവ് തുക, ബിൽ നമ്പർ തീയതി	അപാകത യുള്ള ചെലവ്	റിമാർക്ക്
179/24 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, രണ്ടാം ഘട്ടം	136772/- ഹെൽത്ത് ഗ്രാന്റ്	136772/- 266/13.3.24 = 37700/- 328/22.3.24= 80712/- 407/26.3.24=18360/-	80712/-	LabX എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ ക്ഷണിക്കാതെ ഇലക്ട്രോലൈറ്റ്

				അനലൈസർ വാങ്ങി
			18360/-	ചക്കിയത്ത് അപ്ളയൻസിൽ നിന്നും ഫാനും വാട്ടർ ഫിൽറ്ററും വാങ്ങിയതിന്റെ പർച്ചേസ് ബില്ല് ഹാജരാക്കിയില്ല.
193/24 ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ സ്ഥാപിക്കൽ	361000/- ഹെൽത്ത് ഗ്രാന്റ്	193/15.3.24 = 15820/- 310/20.3.24 = 73597/- 327/22.3.24 = 98274/- 340/23.3.24=95550/- 390/25.3.24=77759	98274 + 95510 + 77759 = 271543/-	Pyrex Diagnostic , ആർപ്പൂക്കര എന്ന സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കാതെ ആശുപത്രി ഉപകരണങ്ങൾ വാങ്ങി.
180/24 ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ സ്ഥാപിക്കൽ, രണ്ടാം ഘട്ടം	74872/- ഹെൽത്ത് ഗ്രാന്റ്	424/30.3.24= 74872/-	74872/-	Pyrex Diagnostic , ആർപ്പൂക്കര എന്ന സ്ഥാപനത്തിന് തുക നൽകിയ ബില്ല് മാത്രം ഫയലിലുണ്ട്. പർച്ചേസ് ബില്ല് ഇല്ല.ക്വട്ടേഷൻ ക്ഷണിച്ചില്ല.
		ആകെ	445487/-	

റിമാർക്കിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19/25.10.24) മറുപടി ലഭ്യമാക്കിയില്ല, അതിനാൽ റിമാർക്കിൽ ചൂണ്ടിക്കാട്ടിയ പ്രകാരം അപാകതകളുള്ള 445487/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 മെൻസ്ട്രൽ കപ്പ് വിതരണം - അപാകതകൾ.

പ്രോജക്ട് നമ്പർ, പേര്	189/24, മെൻസ്ട്രൽ കപ്പ് വിതരണം
അടങ്കൽ, ഫണ്ടിനം	500000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ് തുക	499960/-
ബിൽ നമ്പർ, തീയതി	279/15.3.24
നിർവ്വഹണോദ്യാഗസ്ഥൻ	മെഡിക്കൽ ഓഫീസർ പി.എച്ച്.സി

മേൽ പ്രോജക്ട് പ്രകാരം 1724 മെൻസ്ട്രൽ കപ്പുകൾ വാങ്ങിയതിന്റെ ചെലവിനത്തിൽ കപ്പ് ഒന്നിന് 290/- രൂപ നിരക്കിൽ 499960/- രൂപ എറണാകുളം ജില്ലാവനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നീതിമെഡിക്കൽ സ്റ്റോറിന് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 17.8.22 ലെ DA1/278/2022 നമ്പർ സർക്കുലർ പ്രകാരം മെൻസ്ട്രൽ കപ്പുകൾ വനിതാവികസന കോർപ്പറേഷനിൽ നിന്നും ടെണ്ടർ ക്ഷണിക്കാതെ വാങ്ങാവുന്നതാണ്. എന്നാൽ ടി പ്രോജക്ട് പ്രകാരം വനിതാ കോ ഓപ്പറേറ്റീവ്

സൊസൈറ്റിയിൽ നിന്നുമാണ് ടെണ്ടർ ക്ഷണിക്കാതെ മെൻസ്ട്രൽ കപ്പുകൾ വാങ്ങിയിരിക്കുന്നത്.

2) 2017 ലെ CGST/SGST Act ലെ സെക്ഷൻ 51 (1) പ്രകാരം ആകെ മൂല്യം (കരാർ തുക) 2.50 ലക്ഷം രൂപയിൽ അധികരിച്ചാൽ ഓരോ ശതമാനം വീതം CGST, SGST വിഹിതം സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം ആകെ 2% തുക കുറവ് ചെയ്യാതെയാണ് ബിൽ തുക നൽകിയത്. നികുതി വിഹിതങ്ങൾ കണക്കാക്കാതെയുള്ള അടിസ്ഥാന നിരക്കായ 446392.86/- ന്റെ 2% ആയ 8928/- രൂപ ബില്ലിൽ കുറവ് ചെയ്യേണ്ടിയിരുന്നു.

3) 1724 മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്തതിന്റെ രേഖകളില്ല.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/25.10.24) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ 499960/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ. - ക്വട്ടേഷൻ ക്ഷണിച്ചില്ല., റ്റി.ഡി.എസ് കുറവ് ചെയ്തില്ല.

പ്രോജക്ട് നമ്പർ , പേര്	192/24, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ.
അടങ്കൽ, ഫണ്ടിനം	851000/- ഹെൽത്ത് ഗ്രാന്റ്
ചെലവ് തുക	850849/-
ബിൽ നമ്പർ, തീയതി	183/19.1.24 = 731600/- 238/5.3.24 = 57000/- 256/12.3.24 = 62249/-
നിർവ്വഹണോദ്യാഗസ്ഥൻ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി

മേൽ പ്രോജക്ട് പ്രകാരം സി.എച്ച്.സി യിലേക്ക് ഹോർമോൺ അനലൈസറും ലാബ് റിയേജന്റുകളും യു.പി.എസും വാങ്ങിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ റേറ്റ് കോൺട്രാക്റ്റുള്ള Siva Medical Service , Trivandrum എന്ന് സ്ഥാപനത്തിൽ നിന്നാണ് ബിൽ നമ്പർ 183/19.1.24 പ്രകാരം 731600/-രൂപയുടെ ഹോർമോൺ അനലൈസർ വാങ്ങിയത്.

2017 ലെ CGST/SGST Act ലെ സെക്ഷൻ 51 (1) പ്രകാരം ആകെ മൂല്യം (കരാർ തുക) 2.50 ലക്ഷം രൂപയിൽ അധികരിച്ചാൽ ഓരോ ശതമാനം വീതം CGST , SGST വിഹിതം സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം ആകെ 2% തുക കുറവ് ചെയ്യാതെയാണ് ബിൽ തുക നൽകിയത്. നികുതി വിഹിതങ്ങൾ കണക്കാക്കാതെയുള്ള അടിസ്ഥാന നിരക്കായ 620000/- ന്റെ 2% ആയ 12400/- രൂപ ബില്ലിൽ കുറവ് ചെയ്യേണ്ടിയിരുന്നു.

2) Siva Medical Service , Trivandrum എന്ന് സ്ഥാപനത്തിൽ നിന്നാണ് ബിൽ നമ്പർ 238/5.3.24 പ്രകാരം 57000/-രൂപയുടെ യു.പി.എസും ബാറ്ററിയും വാങ്ങിയത്. ക്വട്ടേഷൻ ക്ഷണിക്കാതെയാണ് യു.പി.എസും ബാറ്ററിയും വാങ്ങിയിട്ടുള്ളത്. ടി സ്ഥാപനത്തിൽ നിന്ന് മെഡിക്കൽ ഉപകരണങ്ങൾ നേരിട്ട് വാങ്ങുന്നതിനാണ് റേറ്റ് കോൺട്രാക്റ്റുള്ളത്. ജി.ഒ (പി) നമ്പർ 259/2010/ ത.സ്വ.ഭ.വ തീയതി 8.11.10 പ്രകാരം 25000/- രൂപയ്ക്ക് മുകളിലും 100000/- രൂപയിൽ താഴെയുമുള്ള പർച്ചേസുകൾക്ക് ലിമിറ്റഡ് ടെണ്ടർ ക്ഷണിക്കേണ്ടതാണ്.ജി.ഒ(പി)നമ്പർ 7/2019/ എസ്.പി.ഡി തീയതി 26.4.19 പ്രകാരം 25000/- രൂപയ്ക്ക് മുകളിലുള്ള പർച്ചേസുകൾ ജെം പോർട്ടൽ നിർബന്ധമാക്കിയിട്ടുണ്ട്. യു.പി.എസും ബാറ്ററിയും വാങ്ങിയതിൽ മേൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

3) ഹോർമോൺ അനലൈസർ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനക്ഷമമാക്കിയത് സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/25.10.24) മറുപടി ലഭ്യമായില്ല.അതിനാൽ യു.പി.എസും ബാറ്ററിയും വാങ്ങിയയിനത്തിലുള്ള 57000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. റ്റി.ഡി.എസ് ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യാത്ത തുക സ്ഥാപനത്തിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കിയ ശേഷം വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-26 ടേക്ക് - എ ബ്രേക്ക് നടത്തിപ്പ് - തുടർപ്രവർത്തനങ്ങൾ നടത്തുന്നതിൽ അലംഭാവം

പ്രോജക്ട്	30/23	54/23	154/24	139/24
അടങ്കൽ	300000/- കേന്ദ്രാവിഷ്കൃത വിഹിതം	300000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് 1000000/- കേന്ദ്രാവിഷ്കൃത വിഹിതം	244244/- കേന്ദ്രാവിഷ്കൃത വിഹിതം	621168/- കേന്ദ്രാവിഷ്കൃത വിഹിതം 300000/- തനതുഫണ്ട്
ചെലവ്, ബിൽ നമ്പർ/ തീയതി	55756/- 213/6.3.23	678832/- 215/6.3.23 = 300000/- 214/6.3.23 = 378832/-	202107/-	158747/- 300000/- 297/18.03.24 216721/- 322/21.03.24 17406/- 425/28.03.24 65873/-

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു.മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ)നം.1401/2020/ത.സ്വ.ഭ.വ. യിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകിയിരുന്നു.

വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും പ്രവർത്തനക്ഷമമാക്കാത്ത നിലയിൽ

ഗ്രാമപഞ്ചായത്തിൽ ഇതിന്റെയടിസ്ഥാനത്തിൽ 2022-23, 2023-24 വർഷങ്ങളിൽ 2 പദ്ധതികൾ വിഭാവനം ചെയ്ത് ആകെ 14,65,412/- രൂപ വകയിരുത്തിയതിൽ 1395402/- രൂപ ചെലവഴിച്ച് ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിൽ പത്ത് ടോയ്‌ലെറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ഇൻസിനറേറ്ററും, വെൻഡിംഗ് മെഷീനും ഘടിപ്പിച്ചിട്ടുണ്ട്. പഴയ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിനോട് ചേർന്നുള്ള ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ തന്നെയാണ് ഒരു ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്. എന്നാൽ നാളിതു വരെ പ്രസ്തുത സമുച്ചയം ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി രേഖകൾ ഹാജരാക്കിയിട്ടില്ല. സ.ഉ.(കൈ) 45/ 2020/ ത.സ.ഭ.വ, തീയതി, 06/03/2020 ഉത്തരവ് പ്രകാരം കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല കുടുംബശ്രീയ്ക്ക് ആയിരിക്കേണ്ടതാണ്. 27.7.2020 ലെ സ.ഉ(സാധാ)1401/2020/ ത.സ്വ.ഭ.വ ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള കുടുംബശ്രീ സംരഭക യൂണിറ്റുകൾക്കാണ് ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ നടത്തിപ്പ് പരിപാലന ചുമതല നൽകേണ്ടത്. 26.10.24 ന് ഓഡിറ്റ് ടീം പഞ്ചായത്ത് അധികാരികൾക്കൊപ്പം ടേക്ക് എ ബ്രേക്ക് സന്ദർശിച്ചപ്പോൾ കെട്ടിടം വളരെ മോശമായ രീതിയിൽ, സാമൂഹിക വിരുദ്ധർ കൈയ്യേറി, വൃത്തിഹീനമായി, പ്രവർത്തനക്ഷമമാക്കാത്ത അവസ്ഥയിലാണ് കണ്ടത്. കെട്ടിടത്തിന്റെ ചുറ്റു പാടും കാടു പിടിച്ച്, പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. ഇത്തരത്തിൽ വൻതുക ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം വൃത്തിയായി സൂക്ഷിക്കാത്തതിനും കേന്ദ്രം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (31-29/10/24) രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ തലയോലപ്പറമ്പ് മാർക്കറ്റിനടുത്താണ് പ്രസ്തുത ടേക്ക് എ ബ്രേക്ക് കെട്ടിടമെന്നും ധാരാളം വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നതും, പൊതുജനങ്ങൾ വന്നുപോകുന്നതുമായ മാർക്കറ്റിൽ ഒരു പൊതു ശൗചാലയ സമുച്ചയം ആവശ്യമാണെന്നും ആയതിനാൽ ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം ലേലം ചെയ്തു നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിയ്ക്കുന്നതു മാണെന്ന് ഓഡിറ്റ് സമാപനയോഗത്തിൽ കമ്മറ്റി മെമ്പർമാരും വൈസ് പ്രസിഡന്റും അറിയിച്ചിട്ടുണ്ട്.

ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം സർക്കാർ നിർദ്ദേശ പ്രകാരം പ്രവർത്തനം ആരംഭിക്കേണ്ടതും മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം കെട്ടിടം പ്രയോജനപ്പെടുത്തി വരുമാനം ആർജ്ജിക്കേണ്ടതുമാണ്. കെട്ടിടം പ്രയോജനപ്രദമാക്കുന്നതു വരെ ഓഡിറ്റു വർഷം ടി ആവശ്യത്തിനായി ചെലവഴിച്ച 660854/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 കന്നുകുട്ടി പരിപാലനം - നിർവ്വഹണത്തിലെ അപാകതകൾ.

പ്രോജക്ട് നമ്പർ	159/24
അടങ്കൽ, ഫണ്ടിനം	287500/- വികസനഫണ്ട് (ജനറൽ) 800000/- ഗുണഭോക്തൃവിഹിതം
ചെലവ്	187500/-

	വികസനഫണ്ട് (ജനറൽ)
ബിൽ നമ്പർ, തീയതി	39/17.8.23
നിർവ്വഹണോദ്യോഗസ്ഥൻ	സീനിയർ വെറ്ററിനറി സർജൻ

മുൻവർഷത്തിൽ നിന്നും സ്പിൽ ഓവറായി തുടർന്ന പ്രോജക്ടാണ് കന്നുകുട്ടി പരിപാലനം. 15 ഗുണഭോക്താക്കൾക്ക് കന്നുകുട്ടി പരിപാലനത്തിനായി 12500/- രൂപ വീതം ആകെ 187500/- രൂപ അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ടിനായി ആവശ്യത്തിന് ഗുണഭോക്താക്കളില്ലാത്തതിനാൽ 16.3.23 ലെ 1(5) നമ്പർ തീരുമാനപ്രകാരം ചുവടെ ചേർക്കുന്ന 12 ഗുണഭോക്താക്കളെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ആനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്.

ക്രമ നമ്പർ	ഗുണഭോക്താവ്	വാർഡ്
1	ശശികല വള്ളോംപറമ്പിൽ	6
2	മേരിബിജു താമരശ്ശേരിൽ	3
3	അശ്വതി ചോഴാംചേരിൽ	2
4	ലൂസി ജോളി കുന്നത്ത്	6
5	മേരിജോസ് ചക്കാല	6
6	സുശീല കുന്നുംപുറം	3
7	ശ്രീജ കറുകാംചേരിൽ	12
8	സോനബിജു കോരിക്കൽ	11
9	രത്നമ്മ കരിമാന്താറ്റ്	11
10	സാനു വി.എസ് ഷീലാനിവാസ്	15
11	കെ.ജെ രാജമ്മ, മാധവമന്ദിരം	15
12	സിജി റ്റി മാളവികാനിവാസ്	15

മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് തൊട്ടടുത്ത ഗ്രാമസഭയിൽ സാധൂകരിച്ചിട്ടുണ്ടെങ്കിൽ രേഖാമൂലം വിവരം ലഭ്യമാക്കേണ്ടതാണ്. ആവശ്യത്തിന് ഗുണഭോക്താക്കളില്ലാതെ പ്രോജക്ട് സ്പിൽ ഓവറായി തുടർന്നതെന്തിനെന്ന് വ്യക്തമല്ല.

2) ശ്രീമതി ലീല പടിഞ്ഞാറുശ്ശേരിൽ (വാർഡ് 11), ശ്രീമതി ശോഭന പി.കെ ആര്യഭവൻ (വാർഡ് 8), മേരിജോസ് കോളാറയിൽ (വാർഡ് 9) എന്നീ ഗുണഭോക്താക്കളുടെ പേര് 2022-23 ലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.

3) കാലിത്തീറ്റ വിതരണത്തിനായി തെരഞ്ഞെടുത്ത തലയോലപ്പറമ്പ് ക്ഷീരസംഘത്തിന്റെ കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം ശശികല വള്ളോംപറമ്പിൽ എന്ന ഗുണഭോക്താവിന്റെ കിടാരി 2/24 ൽ ചത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. 10/23 ലാണ് കാലിത്തീറ്റ വിതരണം ആരംഭിച്ചത്. അഞ്ച് മാസം മാത്രമാണ് ഗുണഭോക്താവ് കാലിത്തീറ്റ വാങ്ങിയിട്ടുള്ളത്.

അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 15/25.10.24) നൽകുകയുണ്ടായി. ക്രമനമ്പർ 2 ൽ പരാമർശിക്കുന്ന വ്യക്തികൾ 2022-23 ലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. ക്രമനമ്പർ 1 ൽ പരാമർശിക്കുന്ന വ്യക്തികളുടെ പേരുകൾ അടുത്ത ഗ്രാമസഭയിൽ സാധൂകരിക്കുമെന്നും മറുപടി ലഭ്യമാക്കി. കിടാരി ചത്തു പോയ ശശികല വള്ളോംപറമ്പിൽ എന്ന ഗുണഭോക്താവിന് കാലിത്തീറ്റ വിതരണത്തിനായി അനുവദിച്ചതിൽ ചെലവഴിക്കാത്ത ആനുപാതിക സബ്സിഡി തുക അസി.ഡയറക്ടറുടെ അക്കൗണ്ടിൽ നിന്നും തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കുകയോ തുടർ പ്രോജക്ടുകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ആയതു വരെ ടിയിനത്തിൽ ചെലവഴിച്ച 187500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 കറവപ്പശുക്കൾക്ക് കാലിത്തീറ്റവിതരണം (എസ്.സി.പി)- ഗുണഭോക്തൃലിസ്റ്റ് ലഭ്യമായില്ല.

പ്രോജക്ട് നമ്പർ	32/24
അടങ്കൽ, ഫണ്ടിനം	175500/- വികസനഫണ്ട് (എസ്.സി.പി) 58500/- ഗുണഭോക്തൃവിഹിതം
ചെലവ്	24640/- 15600/- വികസനഫണ്ട് (എസ്.സി.പി) 9040/- ഗുണഭോക്തൃവിഹിതം
ബിൽ നമ്പർ, തീയതി	253/11.3.24 = 15600/- 254/11.3.24 = 9040/-
നിർവ്വഹണോദ്യോഗസ്ഥൻ	സീനിയർ വെറ്ററിനറി സർജൻ

കറവപ്പശുക്കൾക്ക് കാലിത്തീറ്റവിതരണം എന്ന പ്രോജക്ടിനായി കേരളാഫീഡ്സിൽ നിന്നും 16 ബാഗ് കാലിത്തീറ്റ (24640/- രൂപ) വാങ്ങി 75% സബ്സിഡി നിരക്കിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ക്രമ നമ്പർ	ഗുണഭോക്താവ്	വാർഡ്
1	രാധിക കുമരക്കോട്	9
2	ഭാരതി എരിത്തിക്കുഴിയിൽ	11
3	ഓമനബാബു അതിരാറ്റേൽ	11
4	തിലകമ്മ തങ്കച്ചൻ നാൽപതിൽ	12
5	നിഷസുരേന്ദ്രൻ വടക്കേയിടയിങ്കൽ	12

ആനുകൂല്യം കൈപ്പറ്റിയ മേൽ വ്യക്തികൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 14/25.10.24) നൽകുകയുണ്ടായി. രാധികാ കുമരക്കോട്, ഓമനാബാബു അതിരാറ്റേൽ എന്നീ ഗുണഭോക്താക്കളെ 9.2.24 ലെ കമ്മറ്റി തീരുമാനപ്രകാരം അധികമായി ഉൾപ്പെടുത്തിയതാണെന്നും മറ്റ് ഗുണഭോക്താക്കളുടെ പേരുകൾ പഞ്ചായത്ത് നൽകിയ ജനറൽ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ തെറ്റായി ഉൾപ്പെട്ടിരുന്നെന്നും മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിക്കേണ്ടതും മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത്

അടുത്ത ഗ്രാമസഭയിൽ സാധൂകരിച്ച ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ആയതു വരെ 24640/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 കറവപ്പശുക്കൾക്ക് കാലിത്തീറ്റവിതരണം (ജനറൽ) - അപാകതകൾ.

പ്രോജക്ട് നമ്പർ	31/24
അടങ്കൽ, ഫണ്ടിനം	780000/- 387900/- വികസനഫണ്ട് (ജനറൽ) 2100/- തനത് ഫണ്ട് 390000/- ഗുണഭോക്തൃവിഹിതം
ചെലവ്	226060/- ഗുണഭോക്തൃവിഹിതം
ബിൽ നമ്പർ, തീയതി	252/11.3.24=224280/- 412/27.3.24=1780/-
നിർവ്വഹണോദ്യോഗസ്ഥൻ	സീനിയർ വെറ്ററിനറി സർജൻ

കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം എന്ന പ്രോജക്ടിനായി കേരളാഫീഡ്സിൽ നിന്നും 254 ബാഗ് കാലിത്തീറ്റ ബാഗ് ഒന്നിന് 1540 രൂപ പ്രകാരം (ആകെ ചെലവ്- 391160 രൂപ) ചുവടെ ചേർക്കുന്ന ഇൻവോയ്സുകൾ പ്രകാരം വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഇൻവോയ്സ് നമ്പർ,തീയതി	ബാഗുകളുടെ എണ്ണം	തുക
KFLP1-23-24-051044A/24.2.24	152	234080/-
KFLP1-23-24-051331/24.2.24	58	89320/-
KFLP1-23-24-051330/24.2.24	44	67760/-
ആകെ	**254**	**391160/-**

പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശ സ്വയംഭരണവകുപ്പിന്റെ 28.5.22 ലെ ജി.ഒ (എം.എസ്) 115/2022/ത.സ്വ.ഭ.വ പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.3(16) പ്രകാരം 50% സബ്സിഡി നിരക്കിലാണ് ജനറൽ വിഭാഗത്തിന് കാലിത്തീറ്റ വിതരണത്തിന് സബ്സിഡി നൽകാവുന്നത്. ആയത് പ്രകാരം ആകെ ചെലവഴിച്ച 391160/- രൂപയുടെ 50% ആയ 195580/- രൂപ വീതമാണ് വികസനഫണ്ടിനത്തിലും ഗുണഭോക്തൃവിഹിതം ഇനത്തിലും ചെലവഴിക്കാവുന്നത്. എന്നാൽ 165100/- (2024-25 ൽ ബിൽ നമ്പർ 195/9.5.24 പ്രകാരം മാറിയത്) രൂപ വികസനഫണ്ടിലും, 226060/- രൂപ ഗുണഭോക്തൃവിഹിതം ഇനത്തിലുമായി പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. അതായത് ഗുണഭോക്തൃവിഹിതം ഇനത്തിൽ 63985/- രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്.

2) മേൽ സൂചിത മാർഗ്ഗരേഖ പ്രകാരം മൃഗസംരക്ഷണമേഖലയിൽ സബ്സിഡി നൽകുന്നതിന് ഗുണഭോക്താവിന്റെ കുടുംബവാർഷിക വരുമാനപരിധി 500000/- രൂപയാണ്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ ഷൈലജാമനോഹരൻ, രത്നവിലാസം (വാർഡ് 15) എന്ന ഗുണഭോക്താവിന്റെ റേഷൻകാർഡ് പ്രകാരം കുടുംബത്തിൽ കേന്ദ്രസർക്കാർ ജീവനക്കാരനുള്ളതായി കാണുന്നു. വരുമാനം സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 13/25.10.24) നൽകുകയുണ്ടായി. പദ്ധതി രൂപീകരണ സമയത്തും നിർവ്വഹണസമയത്തും കാലിത്തീറ്റയുടെ വിലയിൽ വലിയ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിരുന്നെന്നും അതിനാൽ പ്ലാൻ ഫണ്ട് വിഹിതം കൂടുതൽ ആകാതെ ലിമിറ്റ് ചെയ്തതിനാലാണ് ഗുണഭോക്തൃവിഹിതം കൂടുതലായി ചെലവഴിച്ചെന്നാണ് മറുപടി ലഭ്യമായത്. റേഷൻ കാർഡിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഷൈലജാമനോഹരൻ എന്ന ഗുണഭോക്താവിന് ആനുകൂല്യം

നൽകിയത് എന്നാണ് ലഭ്യമാക്കിയ മറുപടി. എന്നാൽ മാർഗ്ഗരേഖയിൽ പരാമർശിക്കുന്ന പ്രകാരം ഗുണഭോക്താവിന്റെ വരുമാനം സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥ സാക്ഷ്യപത്രം തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൽ പാലിച്ച് തുടർ വർഷങ്ങളിൽ പ്രോജക്കുകൾ നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

1-30 ഹെൽത്ത് ഗ്രാന്റ് വിനിയോഗം- നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

തലയോലപ്പറമ്പ് സാമൂഹികാരോഗ്യകേന്ദ്രത്തിലെ മെയിൻ സെന്റർ, വടയാർ സബ്സെന്റർ എന്നിവയ്ക്കു പുതിയ കെട്ടിടം പണിയുന്നതിനു 55 ലക്ഷം രൂപ വീതം ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. എന്നാൽ ഓഡിറ്റു വർഷം പഴയ കെട്ടിടം പൊളിച്ചു നീക്കുന്നതിനോ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ചോ യാതൊരു നടപടികളും ആരംഭിച്ചതായി രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 01.01.2024ൽ A/558/23നമ്പർ കത്ത് സി എച്ച് സി തലയോലപ്പറമ്പിലെ മെഡിക്കൽ ഓഫീസർ സെക്രട്ടറിയ്ക്ക് നൽകിയിരുന്നു. നിർമ്മാണം അനിശ്ചിതമായി വൈകുന്നത് ഫണ്ട് നഷ്ടപ്പെടുന്നതിന് കാരണമാകും. നിർമ്മാണ പ്രവൃത്തികൾ ആരംഭിയ്ക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27-28/10/24) മറുപടി ലഭ്യമാക്കിയിട്ടില്ല. 31.03.2024-ൽ ബാലൻസ് ഷീറ്റ് B4 പട്ടിക പ്രകാരം പലിശയുൾപ്പെടെ ടിയിനത്തിൽ 56,11,100/- രൂപ അവശേഷിയ്ക്കുന്നു. ആരോഗ്യ മേഖലയിലെ കെട്ടിട സമുച്ചയങ്ങൾ മികച്ചതാക്കി ആശുപത്രികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനായി നൽകിയ ഹെൽത്ത് ഗ്രാന്റ് നഷ്ടപ്പെടാതിരിയ്ക്കാൻ അടിയന്തിരമായി ആവശ്യമായ നടപടികൾ സ്വീകരിയേ്ക്കണ്ടതാണ്.

1-31 സാന്ത്വനപരിചരണ പരിപാടി - ചെലവ് രേഖകൾ ലഭ്യമായില്ല.

പ്രോജക്ട് നമ്പർ, പേര്	102/24, സാന്ത്വനപരിചരണ പരിപാടി
അടങ്കൽ, ഫണ്ടിനം	700000/- വികസനഫണ്ട് (ജനറൽ)
ചെലവ് തുക	652648/-
നിർവ്വഹണോദ്യാഗസ്ഥൻ	മെഡിക്കൽ ഓഫീസർ പി.എച്ച്.സി

മേൽ പ്രോജക്ട് പ്രകാരം പാലിയേറ്റിവ് കെയർ സാന്ത്വനപരിചരണ പരിപാടിക്കായി ഹോം കെയർ ഉൾപ്പെടെയുള്ള സേവനങ്ങൾ ചെയ്യതിനായി വികസനഫണ്ടിൽ നിന്നും ആകെ 652648/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ ചുവടെ ചേർക്കുന്ന ചെലവുകൾക്കാധാരമായ രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല.

ബിൽ നമ്പർ,തീയതി	തുക	ചെലവ് ഇനം	റിമാർക്ക്
2/10.7.23	41790/-	6/23 ലെ ഹോം കെയർ ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകിയതിന് ചെലവഴിച്ച തുക	വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമായില്ല.
8/22.11.23	67525/-	2500 അഡൾട്ട് ഡയപ്പറുകൾ വാങ്ങിയതിന് ചെലവഴിച്ച തുക	സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.
ആകെ	**109315/-**		

റിമാർക്കിൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/29.10.24) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ റിമാർക്കിൽ ചൂണ്ടിക്കാട്ടിയ പ്രകാരം അപാകതകളുള്ള 109315/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-32 അഗതിരഹിതകേരളം പദ്ധതി-സർക്കാർ ഗ്രാന്റ് 46 ലക്ഷത്തിലധികം രൂപ ചെലവഴിക്കാതെ സിഡിഎസ് അക്കൗണ്ടിൽ നിലനിൽക്കുന്നു.

പ്രോജക്ട്	ആശ്രയ പദ്ധതി (എസ്.പി.സി)36/24
അടങ്കൽ തുക	400000/- (വികസനഫണ്ട്-എസ്.സി.പി)
ചെലവ് തുക	400000/-
ബിൽനമ്പർ	126/2-12-2-23

അഗതികളായ പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്ക്കരിച്ചതാണ് മേൽപ്രോജക്ട്. പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി വികസനഫണ്ട് (എസ്.സി.പി.) വിഹിതത്തിൽ നിന്നും 400000/- രൂപ കുടുംബശ്രീ സി.ഡി.എസിന്റെ പേരിൽ ഗ്രാമീണ ബാങ്ക് തലയോലപ്പറമ്പ് ശാഖയിലുള്ള 40541101027660 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. സിഡിഎസിന്റെ ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ പ്രോജക്ടിനായി കൈമാറിയ തുക ഉൾപ്പെടെ 4604648/- രൂപ 31-3-2024-ൽ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതായി കണ്ടു. പ്രോജക്ട് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്നും, നീക്കിയിരിപ്പു തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാനും രേഖാമൂലം ആവശ്യപ്പെട്ടതിന് (എൻക്വയറി നം16-25/10/24) ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് തുക 400000/- രൂപ ചെലവഴിച്ചിട്ടില്ലെന്നും 31-3-2024-ൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയിൽ 3980188/- രൂപയും മുൻവർഷങ്ങളിൽ ലഭ്യമാക്കിയ വികസനഫണ്ട് വിഹിതമാണെന്നും ബാക്കിവരുന്ന 624460/- രൂപ പലിശയിനത്തിൽ ക്രഡിറ്റ് ചെയ്യപ്പെട്ട തുകയാണെന്നും മറുപടി നൽകി.

ആശ്രയ ലിസ്റ്റിൽ അർഹരായ ഗുണഭോക്താക്കളുണ്ടായിരിക്കെ പദ്ധതിക്കായി പ്രോജക്ട് പ്രകാരം സിഡിഎസിന് കൈമാറുന്ന തുക വർഷങ്ങളായി ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ചും തുക ചെലവഴിക്കാത്ത പക്ഷം സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതാണെന്നും മുൻ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും പ്രോജക്ട് തുക നിശ്ചിത ലക്ഷ്യത്തിനായി വിനിയോഗിക്കുന്നതിനോ ചെലവഴിക്കാത്ത സാഹചര്യത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനോ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

ഓഡിറ്റ് സമാപനയോഗത്തിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പല വാർഡുകളിലും ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം കിട്ടിയിട്ടില്ലാത്ത സാഹചര്യമുണ്ടെന്നും ഇത്രയും വലിയ തുക സിഡിഎസിന്റെ അക്കൗണ്ടിലുണ്ടായിരുന്ന കാര്യം അറിയില്ലായിരുന്നുവെന്നും ബഹു. പ്രസിഡന്റ് മറുപടി നൽകി. മുൻ വാർഷിക പദ്ധതികളിലൊക്കെ ആശ്രയ ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിനും മെയിന്റനൻസിനുമായും മറ്റും സിഡിഎസിന് കൈമാറിയിരുന്ന തുക ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ നിർവ്വഹണോദ്യോഗസ്ഥനും വീഴ്ചയുണ്ടായിട്ടുണ്ട്. ഈ വിഷയത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും ചുമതല നിറവേറ്റിയിട്ടില്ലായെന്നതും വ്യക്തമാണ്.

സമൂഹത്തിൽ അവശത അനുഭവിക്കുന്ന ദുർബലരും പാവപ്പെട്ടവരുമായ ഒരു വിഭാഗം ഗുണഭോക്താക്കളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി വകയിരുത്തി നൽകുന്ന സർക്കാർ ഗ്രാന്റ് ഇവർക്കായി സമയബന്ധിതമായി ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നത് ശരിയായ നടപടിയല്ല. കൈമാറിയ തുക വിനിയോഗിച്ചിട്ടില്ലാത്തതിനാൽ/വിനിയോഗവിവരം ലഭ്യമല്ലാത്തതിനാൽ പ്രോജക്ടിനായി 2023-24- ൽ ചെലവഴിച്ച 4,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സിഡിഎസ് അക്കൗണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന വികസനഫണ്ട് തുക അർഹരായ ഗുണഭോക്താക്കൾക്കുവേണ്ടി നിയമാനുസൃതനടപടിക്രമങ്ങൾ പാലിച്ച്

വിനിയോഗിക്കേണ്ടതാണ്. അർഹരായ ഗുണഭോക്താക്കൾ ഇല്ലായെന്ന് കണ്ടെത്തുന്ന പക്ഷം തുക നാളിതുവരെയുള്ള പലിശ സഹിതം സർക്കാരിലേക്ക് തിരിച്ചടച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-33 MCF കെട്ടിട നിർമ്മാണം-പദ്ധതി സമഗ്രമായി തയ്യാറാക്കിയില്ല-463130/- രൂപ ചെലവഴിച്ച പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പദ്ധതി നം,പേര്	131/24, MCF കെട്ടിട നിർമ്മാണം
അടങ്കൽ	831950/- (കേന്ദ്രാവിഷ്കൃത ഫണ്ട്)
23-24 വർഷത്തെ ചെലവ്	463130/-
ബിൽ നമ്പർ/ തീയതി	368/16.3.24

എം.സി.എഫ് കെട്ടിട നിർമ്മാണത്തിനായി 2022-23 വർഷത്തിൽ ആരംഭിച്ച പദ്ധതിയാണിത്. അജൈവമാലിന്യം ശേഖരിച്ച് സംഭരിക്കുന്നതിനും, തരം തിരിച്ച് കയ്യൊഴിയുന്നതിനും ആവശ്യമായ സൗകര്യങ്ങളോട് കൂടിയ പുതിയ എം.സി.എഫ് നിർമ്മിക്കുന്നതിനുള്ള പ്രൊജക്റ്റ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണത്തിൽ രൂപീകരിച്ചു. ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിലുള്ള ചാമക്കുന്നിൽ നിർമ്മിക്കുന്ന പ്രസ്തുത കെട്ടിടനിർമ്മാണത്തിന് രണ്ടു വർഷങ്ങളിലുമായി ആകെ 463130/- രൂപയാണ് ചെലവ് വന്നിട്ടുള്ളത്. പദ്ധതി സ്ഥലം 26.10.24 ന് ഓഡിറ്റ് ടീം സന്ദർശിച്ചു. കെട്ടിടനിർമ്മാണം പൂർത്തിയായിട്ടില്ല. കെട്ടിടത്തിന്റെ സ്ട്രക്ചർ മാത്രമാണ് നിലവിൽ പൂർത്തിയായിട്ടുള്ളത്. കെട്ടിടത്തിൽ ജലലഭ്യത വൈദ്യുതി എന്നിവ ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട നിർമ്മാണം പൂർത്തിയാക്കി എം.സി.എഫ് പ്രവർത്തനം ആരംഭിക്കന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കുന്നത് വരെ തൻ വർഷത്തെ ചെലവ് 463130/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-34 ലൈൻ എക്സ്റ്റൻഷൻ ചെലവുകൾ- വിനിയോഗ വിവരമില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. നിർവ്വഹണ ഏജൻസിയിൽ നിന്ന് പണികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

പ്രോജക്ട് നമ്പർ, പേര്	അടങ്കൽ, ഫണ്ടിനം	വൗച്ചർ നമ്പർ, ബിൽ നമ്പർ, തീയതി	ചെലവ് തുക	തുക കൈമാറിയ സ്ഥാപനം
206/24 സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (തളിച്ചേരി റോഡിലും കണ്ണങ്കേരി അയ്യൻകോവിൽ റോഡിലും)	49910/- തനത് ഫണ്ട്	298/18.3.24	49910/-	കെ.എസ്.ഇ.ബി
205/24 സ്ട്രീറ്റ് ലൈൻ	49910/-	299/18.3.24	49910/-	കെ.എസ്.ഇ.ബി

സ്ഥാപിക്കൽ (വാർഡ് 3)	തനത് ഫണ്ട്			
		ആകെ	99820/-	

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (8/24.10.24) നൽകുകയുണ്ടായി. 31.3.2025 വരെ കരാർ കാലയളവ് ഉണ്ടെന്നും ആയതിന് ശേഷം വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കുമെന്നും മറുപടി ലഭ്യമാക്കി. പ്രവൃത്തി പൂർത്തിയാക്കിയ ശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ആയതു വരെ 99820/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.

പ്രോജക്ട് നമ്പർ	39/24
അടങ്കൽ തുക, ഫണ്ടിനം	300000/- (റോഡിതര സംരക്ഷണഗ്രാന്റ്)
ചെലവ് തുക	300000/-
ബിൽ നമ്പർ, തീയതി	148/26.12.2023
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ

ഹോമിയോ ആശുപത്രി മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് 300000/- രൂപ കൈമാറിയിട്ടുണ്ട് (PF 841/17.11.2023 പെർഫോർമ ഇൻവോയ്സ്). 99103/- രൂപയുടെ മരുന്ന് മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത് (LF 512/01.07.2024 ടാക്സ് ഇൻവോയ്സ്). 200897/- രൂപയുടെ മരുന്നകൾ ഇനിയും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/23.10.2024) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മരുന്നകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 200897/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-36 ഐ.കെ.എം മെമ്പർഷിപ്പ് ഫീസ് - കൈപ്പറ്റ് വിവരങ്ങൾ ലഭ്യമായില്ല.

പ്രോജക്ട് നമ്പർ	212/24
അടങ്കൽ തുക, ഫണ്ടിനം	വികസനഫണ്ട് (ജനറൽ) 900000/-
ചെലവ് തുക	900000/-
ബിൽ നമ്പർ , തീയതി	404/25.3.24
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ഇൻഫർമേഷൻ കേരളമിഷൻ സൊസൈറ്റിയുടെ ബൈലോ സെക്ഷൻ 20(എ) പ്രകാരം ഐ.കെ.എം ന് 2013-14 മുതൽ 2015-16 വരെ പ്രതിവർഷം മെമ്പർഷിപ്പ് ഫീസിനത്തിൽ 300000/- രൂപ വീതം നൽകേണ്ടിയിരുന്നു. ഇത്തരത്തിൽ തുക നൽകാത്ത സ്ഥാപനങ്ങളിൽ നിന്ന് 2023-24 വർഷത്തെ ചെലവഴിക്കാത്ത വികസനഫണ്ട് (ജനറൽ) നിന്നും പ്രോജക്ട് പ്രകാരം തുക ചെലവഴിക്കാൻ തദ്ദേശസ്വയംഭരണവകുപ്പിന്റെ 5.3.24 ലെ ജി.ഒ (എം.എസ്) 538/2024 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് മേൽ പ്രോജക്ട് പ്രകാരം 900000/- രൂപ ഐ.കെ.എം ന് കൈമാറി. ആയതിന്റെ കൈപ്പറ്റ് രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല. ആയത് ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 6/24.10.24) നൽകുകയുണ്ടായി. ഐ.കെ.എം ന് കത്ത് നൽകിയിട്ടുണ്ടെന്നും കൈപ്പറ്റ് രസീത് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. കൈപ്പറ്റ് രസീത് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ആയതുവരെ 900000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-37 ബാലസഭ- പദ്ധതി തുക ചെലവഴിച്ചിട്ടില്ല

പ്രോജക്ട്	ബാലസഭ-(എസ്.സി)41/24
അടങ്കൽ തുക	30000/-
ചെലവ് തുക	30000/-
ബിൽനമ്പർ	127/2-12-2023

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാന തല നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ഗ്രാമപഞ്ചായത്തുകൾ വാർഡ് ഒന്നിന് 1000/- രൂപ വീതം ചെലവഴിയ്ക്കണമെന്ന് പദ്ധതി മാർഗ്ഗരേഖ –പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായിരുന്ന പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ (എസ്.സി.പി) യിൽ നിന്നും 30000/-രൂപ കുടുംബശ്രീ സി.ഡി.എസിന്റെ പേരിൽ ഗ്രാമീണബാങ്ക് തലയോലപ്പറമ്പ് ശാഖയിലുള്ള 40541100001365 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. സിഡിഎസിന്റെ ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ ക്രഡിറ്റ് വന്നിട്ടുള്ള തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല എന്ന് വ്യക്തമായി. പദ്ധതി തുക ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ 31-3-24-ൽ ഇതേ അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/25-10-24) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് നിർവ്വഹണം പൂർത്തീകരിയ്ക്കും വരെ 30000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-38 ലൈഫ് ഭവന പദ്ധതി - മൂന്നാം ഗഡു തുക കൈപ്പറ്റിയിട്ടും ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ (എസ് സി പ്രോജക്ട്) പ്രകാരമുള്ള രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെചേർക്കുന്ന ഗുണഭോക്താക്കൾ വിവിധ ഗഡുക്കൾ കൈപ്പറ്റി ദീർഘനാളായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	ഗഡുക്കൾ കൈപ്പറ്റിയതിന്റെ വിവരം	നിലവിലെ സ്ഥിതി
1	തമ്പി റ്റി വി താമരശ്ശേരിൽ മിഠായിക്കുന്നം പി ഒ	40000/- 18.10.21 160000/- 22.12.22 100000/- 06.02.23	ഭിത്തി നിർമ്മാണം വരെ പൂർത്തിയാക്കി
2	കമലാക്ഷി താമരശ്ശേരിൽ മിഠായിക്കുന്നം പി ഒ	40000/- 02.02.23 101462/- 31.03.23 18498/- 31.03.23 40040/- 11.05.23 100000/- 7.07.23	ഭിത്തി നിർമ്മാണം വരെ പൂർത്തിയാക്കി
3	രമ്യ പ്രസാദ് പരുത്തിയിൽ	40000/- 06.02.23	ഭിത്തി നിർമ്മാണം

	മിഠായിക്കുന്നം പി ഒ	160000/- 10.03.23	വരെ പൂർത്തിയാക്കി
		100000/- 11.05.23	
4	അമ്മിണി കുഴിയം തടത്തിൽ മിഠായിക്കുന്നം പി ഒ	40000/- 06.02.23	ഭിത്തി നിർമ്മാണം വരെ പൂർത്തിയാക്കി
		124086/- 17.03.23	
		35914/- 11.05.23	
		100000/- 25.05.23	

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയ ശേഷം ദീർഘനാളായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിയ്ക്കാൻ ആവശ്യമായ തുടർ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

1-39 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഉൾപ്പെടുന്നതാണ് ഹരിതകേരളം മിഷൻ. ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നുള്ളതാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് 15.07.2017 ലെ സ.ഉ(സാധാ) 2420/2017/തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ, ആയതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണം എന്നിവ വഴി കേരളം രാജ്യത്തിന് മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കുക എന്നുള്ളതാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്നത്. അതു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മ സേന.

ഹരിത കർമ്മസേന

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ 15 വാർഡുകൾ ആണ് ഉള്ളത്. 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യ 22571 ആണ്. ഹരിത കർമ്മസേനയുടെ പ്രവർത്തനമേഖലയിൽ ഉൾപ്പെടുന്നത് ആൾ താമസമുള്ള 5010 വീടുകളും 489 സ്ഥാപനങ്ങളും ആണ്. 15 വാർഡുകളിലുമായി 28 ഹരിത കർമ്മസേനാംഗങ്ങൾ ഉണ്ട്.

ഹരിതകർമ്മസേനയുടെ മാലിന്യ ശേഖരണ കാര്യക്ഷമത

പഞ്ചായത്തിലെ എഴുപത്തിയഞ്ചു ശതമാനം വീടുകളും സ്ഥാപനങ്ങളും സേനയുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്. കലണ്ടർ, ഷെഡ്യൂൾ എന്നിവ പ്രകാരം ഇപ്പോൾ മാലിന്യം ശേഖരിക്കുന്നില്ല. എല്ലാ മാലിന്യങ്ങളും നീക്കുവാൻ വാഹന സൗകര്യം ലഭ്യമായിട്ടില്ല. 2024-25 സാമ്പത്തിക വർഷം വാഹനം വാങ്ങുവാനും എം.സി.എഫ് നിർമ്മിക്കുന്നതിനും തീരുമാനം ആയിട്ടുണ്ട്. അതിനുശേഷം മാത്രമെ അജൈവ മാലിന്യശേഖരണം കാര്യക്ഷമമാകുകയുള്ളു.

അടിസ്ഥാന സൗകര്യ വികസനം

മാലിന്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടുന്നതിന് ഹരിത കർമ്മ സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എല്ലാ വാർഡുകളിലും വീടുകളിൽ നിന്നും ശേഖരിക്കുന്ന തരംതിരിച്ച അജൈവമാലിന്യങ്ങൾ മിനി എം.സി.എഫ് ൽ എത്തിക്കുന്നതിന് ട്രോളി വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ മാലിന്യം ശേഖരിച്ച് പ്രസ്തുത എം.സി.എഫിൽ എത്തിയ്ക്കുന്നതിന് ഇലക്ട്രിക്ക് ഓട്ടോ കൂടി തുടർ സാമ്പത്തിക വർഷം വാങ്ങുന്നതിനുള്ള പ്രോജക്ടിന് അംഗീകാരം ലഭിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

മാലിന്യം വേർതിരിക്കൽ, പുനചംക്രമണം, സാമൂഹ്യ ഇടപെടൽ

വാർഡുതല ശുചിത്വ സമിതിയുടെയും ഹരിത കർമ്മസേനയുടെയും സഹായത്തോടെ ഉറവിടമാലിന്യ സംസ്കരണം കൃത്യമായി ചെയ്യുന്നുണ്ട്. സേന ശേഖരിയ്ക്കുന്ന അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ വേർ തിരിച്ച് പുനരുപയോഗത്തിനായി ക്ലീൻ കേരള കമ്പിനിക്ക് കൈമാറുന്നുണ്ട്. വൈക്കം നിയോജക മണ്ഡലം മാലിന്യ മുക്തമായി പ്രഖ്യാപിയ്ക്കുന്നതിന്റെ ഭാഗമായി കുട്ടികളെ ഉൾപ്പെടുത്തി സംഘടിപ്പിച്ച ഹരിത സഭ, മൈക്ക് അനൗൺസ്മെന്റ് എന്നീ പ്രവൃത്തികളിലൂടെ മാലിന്യ സംസ്കരണം സംബന്ധിച്ച് പൊതു ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിയ്ക്കാനായി. മാത്രമല്ല, പഞ്ചായത്തിന് കീഴിലുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളിലും (ആശുപത്രികൾ ഉൾപ്പെടെ) മാലിന്യ നിർമ്മാർജ്ജനത്തിന്റെ ആവശ്യകത സംബന്ധിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കാൻ അവസരം ഉണ്ടായി.

<u>പരിസ്ഥിതി ആഘാതം</u>

നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപയോഗം തടയുന്നതിന് എല്ലാ മാസവും സി.എച്ച്.സി ജീവനക്കാരും പഞ്ചായത്ത് ജീവനക്കാരും ചേർന്ന് കടകളിൽ പരിശോധന നടത്തുകയും പ്ലാസ്റ്റിക് ഉപയോഗിക്കുന്നവർക്ക് നോട്ടീസ് നൽകുകയും പ്ലാസ്റ്റിക് നൽകുന്നത് കുറ്റകരമാണെന്ന് ബോധ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പൊതു നിരത്തുകളിൽ മാലിന്യം തള്ളുന്നത് സംബന്ധിച്ച് പരാതി ലഭിച്ചാൽ സ്ഥലത്ത് പോയി അന്വേഷണം നടത്തുകയും സ്വകാര്യ വ്യക്തികളുടെ ആണെങ്കിൽ മാലിന്യം നീക്കം ചെയ്ത് പഞ്ചായത്തിനെ അറിയിക്കണമെന്ന് കാണിച്ച് നോട്ടീസ് നൽകുന്നുമുണ്ട്. പഞ്ചായത്ത് പുറമ്പോക്കിലുള്ള സ്ഥലമാണെങ്കിൽ പഞ്ചായത്ത് തന്നെ മാലിന്യങ്ങൾ മാറ്റി വൃത്തിയാക്കി ആ സ്ഥലത്ത് ചെടികൾ വെച്ച് പിടിപ്പിക്കുകയും ചെയ്തു വരുന്നു.

<u>സൃഷ്ടിക്കപ്പെടുന്ന തൊഴിലുകൾ</u>

വാതിൽപ്പടി ശേഖരണവും, പാഴ് വസ്തു വേർതിരിയ്ക്കലുമാണ് സൃഷ്ടിക്കപ്പെടുന്ന തൊഴിൽ. അതിലൂടെ ഒരു ഹരിതസേനാംഗത്തിന് 250/- രൂപ വീതം ഒരു ദിവസം ലഭിയ്ക്കുന്നുണ്ട്. വാതിൽപ്പടി ശേഖരണത്തിലൂടെ യൂസർഫീ ലഭിയ്ക്കുന്നതു മൂലം വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല. ഓഫീസ് ഉത്തരവിലൂടെ ഓരോ ജീവനക്കാർക്കും യൂസർഫീ പിരിവിനായി ഓരോ വാർഡിന്റെയും ചുമതല നൽകിയിട്ടുണ്ട്.

<u>അടിസ്ഥാന സൗകര്യവികസനം</u>

15 വാർഡുകളിലെയും ശേഖരിയ്ക്കുന്ന മാലിന്യം താൽകാലികമായി സൂക്ഷിയ്ക്കുന്നതിന് NREGS പദ്ധതിയിൽപ്പെടുത്തി മിനി എംസിഎഫുകൾ സ്ഥാപിച്ചിട്ടുണ്ട്. മിനി എംസിഎഫുകളിൽ നിന്ന് പ്രധാന എംസിഎഫിൽ മാലിന്യം എത്തിയ്ക്കുന്നതിന് പിക്ക് അപ്പ് വാഹനം നിലവിലുണ്ട്.

<u>പരിശീലനം, പ്രവർത്തന മേഖലയിലെ വികസനം, നിയമങ്ങൾ പാലിക്കൽ</u>

ഹരിത കർമ്മ സേനയുടെ ഗുണമേന്മ വർദ്ധിപ്പിയ്ക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ മുഖേന അക്കൗണ്ടിംഗ് ട്രെയിനിംഗ്, സെഗ്രെഗേഷൻ ട്രെയിനിംഗ് എന്നിവ നൽകിയിട്ടുണ്ട്. ഫയർ ആന്റ് സേഫ്റ്റി ഉദ്യോഗസ്ഥർ നൽകിയ ഫയർ എക്സ്റ്റിൻഗ്യൂഷർ ഉപയോഗിയ്ക്കുന്ന വിധം എപ്രകാരമാണെന്ന പരിശീലനവും ലഭ്യമാക്കിയിട്ടുണ്ട്.

<u>എം.സി.എഫ്/ആർ.ആർ.എഫ്</u>

(A) ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിൽ താല്ക്കാലിക എം.സി.എഫ് പഞ്ചായത്തു കെട്ടിടത്തിനു താഴെ പ്രവർത്തിയ്ക്കുന്നു. കൂടാതെ പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലും അജൈവ മാലിന്യം ശേഖരിയ്ക്കുന്നു.

(B) വീടുകളിൽ നിന്ന് ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ മിനി എം.സി.എഫിലാണ് സൂക്ഷിക്കുന്നത്. എല്ലാ മാസവും ഒന്നാം തീയതി മുതൽ 15 -ാം തീയതി വരെയാണ് മാലിന്യങ്ങൾ ശേഖരിക്കുവാൻ വീടുകളിലെത്തുന്നത്.

<u>താല്ക്കാലിക MCF സംവിധാനം</u>

നിർമ്മാണം പൂർത്തീകരിയ്ക്കാത്ത MCF കെട്ടിടം

സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം -പദ്ധതിയുടെ നിർവ്വഹണ പുരോഗതിയും കാര്യക്ഷമതയും

ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 2023-24 സാമ്പത്തിക വർഷം ഹരിത മിത്രം ആപ്പ് പദ്ധതി കെൽട്രോൺ കമ്പനിയുമായി ചേർന്ന് നടപ്പിലാക്കിക്കൊണ്ടിരിയ്ക്കുന്നു. 15 വാർഡുകളിലുമായി 5010 വീടുകളിലും 489 സ്ഥാപനങ്ങളിലും ഹരിത മിത്രം ആപ്പിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. നിലവിൽ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുന്നതിൽ താമസം നേരിടുന്നുണ്ട്. പഞ്ചായത്തിലെ ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ, വേസ്റ്റ് മാനേജ്മെന്റ് വേസ്റ്റ് ട്രാൻസ്പോർട്ടേഷൻ പ്രവർത്തനങ്ങൾ എന്നിവയുടെ സുതാര്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഹരിത മിത്രം ആപ്പ് ഉപയോഗിയ്ക്കുന്നു. മിനി എംസി എഫുകളുടെ എല്ലാ മാസത്തെയും അവസ്ഥ, മിനി എം.സി എഫിന്റെ കപ്പാസിറ്റി എന്നിവ എം സി എഫിൽ നിന്ന് ക്ലീൻ കേരള കമ്പനിയിലേയ്ക്കുള്ള ഹരിതമിത്രം ആപ്പിലെ മാനേജ്മെന്റ് മൊഡ്യൂൾ പരിശോധിച്ച് മനസ്സിലാക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

ശാസ്ത്രീയമായി മാലിന്യം ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമായി നാളിതുവരെ സ്ഥിരവും സൗകര്യപ്രദവുമായ ഒരു എം.സി.എഫ് ഒരുക്കാനാവാത്തത് ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും വലിയ പോരായ്മയാണ്. ശേഖരിക്കുന്ന മാലിന്യം സെഗ്രിഗേറ്റ് ചെയ്യാനാവാത്ത പക്ഷം പുനരുപയോഗിക്കാനാവുന്ന മാലിന്യത്തിന് വില ലഭിക്കില്ല എന്നു മാത്രമല്ല, അവ പോലും റിജക്റ്റഡ് വേസ്റ്റ് എന്ന നിലയിൽ വൻ തുക നൽകി കയ്യൊഴിയേണ്ടിയും വരും. ഇത് ഗ്രാമപഞ്ചായത്തിന് വലിയ സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുന്നതാണ്. ഹരിതകർമ്മ സേന ശേഖരിക്കുന്ന മാലിന്യം സംഭരിക്കുന്നതിനും, സെഗ്രിഗേറ്റ് ചെയ്യുന്നതിനുമുള്ള എല്ലാ വിധ സൗകര്യങ്ങളോടും കൂടിയ ഒരു സ്ഥിരം മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) ഗ്രാമപഞ്ചായത്ത് അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്.

മാലിന്യം വലിച്ചെറിയുന്നതു കണ്ടെത്താനും നിരോധിയ്ക്കുന്നതിനും സർവൈലൻസ് ക്യാമറകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

സ്മാർട്ട്ഗാർബേജ് പദ്ധതിയുടെ ഭാഗമായുള്ള ക്യൂ.ആർ കോഡ് പതിക്കൽ അടിയന്തിരമായി പൂർത്തിയാക്കി, ഹരിതമിത്രം ആപ്പ് പൂർണ്ണസജ്ജമാക്കി യൂസർ ഫീ പിരിവ് 100 ശതമാനത്തിലേക്കെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ചു തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റിജക്റ്റഡ് മാലിന്യത്തിന് അവയുടെ തൂക്കത്തിനനുസരിച്ചുള്ള വില ഈടാക്കാവുന്നതും അതുവഴി അവ കയ്യൊഴിയുന്നതിനായി ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കേണ്ടി വരുന്ന വലിയ ബാദ്ധ്യത ഒഴിവാക്കാവുന്നതുമാണ്. സ്വന്തം മാലിന്യം സ്വന്തം ഉത്തരവാദിത്തമാണെന്ന ബോധവൽക്കരണം നടത്തി റിജക്റ്റഡ് മാലിന്യം കയ്യൊഴിയുന്നതിനുള്ള ചെലവ് കുറയേക്കണ്ടതാണ്. സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നത് സംബന്ധിച്ചു ഹരിതകർമമ സേനയ്ക്ക് പരിശീനം നൽകേണ്ടതും, അവരെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം ചെയ്തു നൽകേണ്ടതുമാണ്. അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ

സംസ്കരണമേഖയിലേക്കും ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.
മേൽ നിർദ്ദേശങ്ങൾ നടപ്പാക്കുക വഴി സ്വകാര്യ മാലിന്യംനീക്കുന്ന ഏജൻസിയുടെ ദിവസവേതന തൊഴിലാളികൾ എന്ന നിലയിൽ നിന്നും മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്വയംപര്യാപ്തമായ സംഘടനാ സംവിധാനം എന്ന നിലയിലേക്ക് ഹരിത കർമ്മസേനയെ ഉയർത്തിക്കൊണ്ടു വരേണ്ടതാണ്. ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 23/06/2023-ലെ 3-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ 24.06.2023 ലെ 400473/FMAR05/GPO/2023/5992(1) നം. കത്ത് മുഖേന ഓഡിറ്റ് സമയത്തും ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 22.10.2024 തീയതിയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ, റസീറ്റ് & പേയ്മെന്റ്, ബാലൻസ് ഷീറ്റിലെ അസറ്റ് & ലൈയബിലിറ്റി എന്നിവയിലെ അബ്സ്ട്രാക്റ്റിന്റെ ആകെ തുകയും (വരവ് ചെലവ്) ബന്ധപ്പെട്ട ഷെഡ്യൂളുകളുടെ ആകെ തുകയും (വരവ് ചെലവ്) വ്യത്യാസപ്പെട്ടിരിയ്ക്കുന്നതിനാൽ കൃത്യമായ വിവരം ഉൾപ്പെടുത്തിയ അബ്സ്ട്രാക്റ്റിന്റെ കോപ്പിയാണ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ളത്.

4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നല്കിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്(നം.)	ചെലവ്	ബാക്കി
കോട്ടയം ജില്ല പഞ്ചായത്ത്	5000000	ലൈഫ് ഭവന പദ്ധതി (ജനറൽ) - (13/24)	5000000	
	100000	അങ്കണവാടി പൂരക പോഷകാഹാരം (7/24)	100000	0
	130000	ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക്	130000	0

		സ്കോളർഷിപ്പ് (8/24)		
ആകെ		**ജില്ല പഞ്ചായത്ത് വിഹിതം**	**5230000**	
കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്	1700000	ലൈഫ് ഭവന പദ്ധതി -എസ്.സി.പി (14/24)	1700000	0
	1919013	ലൈഫ് ഭവന പദ്ധതി-ജനറൽ(13/24)	1919013	
	150000	അങ്കണവാടി പൂരക പോഷകാഹാരം (7/24)	150000	0
	200000	ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (8/24)	200000	0
	152084	പാലിന് സബ്സിഡി(96/24)	152084	
	10000	ഞങ്ങളും കൃഷിയിലേയ്ക്ക് – തുടർ പ്രവർത്തനങ്ങൾ - (200/24)	10000	
ആകെ		**ബ്ലോക്ക് പഞ്ചായത്ത് വിഹിതം/-**	**4131097**	

4-3 <u>നിക്ഷേപപ്രവൃത്തികൾ</u>

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെഎസ് സി ബി ഇലക്ട്രിക്കൽ സെക്ഷൻ,	സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ വാർഡ് 3 (205/24)	299/18.03.2024	49910/-	49910/-	0
കെഎസ് സി ബി ഇലക്ട്രിക്കൽ സെക്ഷൻ	സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ വാർഡ് 4 (206/24)	298/18.03.2024	49910/-	49910/-	0

4-4 <u>മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ</u>

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

4-5 <u>വായ്പ/വായ്പ തിരിച്ചടവ്</u>

2022-23 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/	ഉത്തരവ് നമ്പർ/തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ	തൻവർഷം ലഭിച്ച തുക	2022-23 ൽ	വർഷാ വസാനം

ഉദ്ദേശ്യം		ബാക്കിയുണ്ടായിരുന്ന തുക		തിരിച്ചടച്ച തുക	തിരിച്ചടയ്ക്കാൻ ബാക്കി തുക
ലൈഫ് ഭവന പദ്ധതി (KURDFC)	ജി ഓ (എം എസ്) നം 100/2018/ തസ്വഭവ,30.07.2018	2929468	6435167 RP-31 പ്രകാരമുള്ള 7075167 – ലോൺ വരവിൽ 640000/- സംസ്ഥാന വിഹിതം ഉൾപ്പെട്ടിട്ടുണ്ട്. തൻവർഷ ലോൺ വരവ് 6435167 ആകുന്നു.	1974531	7390104

4-6 സ്ഥിരനിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	3664441
തൻവർഷം നിക്ഷേപിച്ച തുക	249045
ആകെ	3913486
തന്നാണ്ടിൽ പിൻവലിച്ച തുക	0
31/03/2024-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	3913486

ക്രമ നമ്പർ	ബാങ്ക്	നിക്ഷേപിച്ച തുക, തീയതി	പ്രാരംഭ ബാക്കി	കരാർ വർഷ നിക്ഷേപം	2023-24 പലിശ	നീക്കിയിരിപ്പ്
1	വടയാർ എസ്.സി.ബി. FD No.09226 (2023024- ൽ 0121000029008)	750000 26.11.12	1672362	---	117065 (7%)	1789427
2	എസ്.ബി.ഐ, തലയോലപ്പറമ്പ് 39209454473	1000000 09.03.20	1157299	----	72629 (6.8%)	1229928
3	സൗത്ത് ഇൻഡ്യൻ ബാങ്ക്, തലയോലപ്പറമ്പ്-0802101000002253	31.05.22	834780	---	59351 (5%)	894131
	ആകെ		3664441		249045	3913486

സ്ഥിര നിക്ഷേപം ക്രമ നം. 1, 2 ,3 എന്നിവയുടെ പലിശയും മുതലും ചേർന്ന (1789427+1229928+894131) 3913486 രൂപയാണ് തൻവർഷം നിക്ഷേപിച്ച തുകയായി ചേർത്തിട്ടുള്ളത്.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ വിഷയം	ഇപ്പോഴത്തെ അവസ്ഥ
2000-01	3-9	2007-08	3-32-1	വസ്ത്രനിർമ്മാണ യൂണിറ്റ് - അനുവദിക്കപ്പെട്ട ധനസഹായം വിനിയോഗിച്ചിട്ടില്ല	നിയമസഭാ സമിതിയുടെ പരിഗണന യിലാണ്
2002-03	ഭാഗം 2 ഖ-19	2005-06	2-27-1	SGRYപദ്ധതി നടത്തിപ്പിലെ അപാകതകൾ	നിയമസഭാ സമിതി(14-16) 52-ാംമത് റിപ്പോർട്ട് ഖ 14, 15 പ്രകാരം അധികം നൽകിയ ധാന്യത്തിന്റെ മൂല്യം പണത്തിൽ കുറവ് ചെയ്തിട്ടില്ലെങ്കിൽ തുക ഈടാക്കണം
1999-00	25(ബി), 33	2003-04	പേജ് 63	1.എർത്ത് ഫില്ലിങ്ങിന് അധിക നിരക്ക് നൽകിയത് - 10,554 2.കർഷകർക്ക് വളം വിതരണം -അധിക സബ്സിഡി- 15,608	നിയമസഭാ സമിതിയുടെ (16-19) 11-ാംമത് റിപ്പോർട്ട് ഖ.35 പ്രകാരം ഉദ്യാഗസ്ഥരിൽ നിന്നും തുക ഈടാക്കണം
11-12	പ്രവർത്തന ക്ഷമതാ റിപ്പോർട്ട്	2013-14	പ്രവർത്തന ക്ഷമതാ റിപ്പോർട്ടുകൾ ഖ 5-1 പേജ് 57, 65, 76	ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും	നിയമസഭാ സമിതിയുടെ പരിഗണന യിലാണ്
2014-15	2-1, 2-2, 2-3, 2-4	2016-17	അനുബന്ധം 3	വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല	നിയമസഭാ സമിതിയുടെ പരിഗണന യിലാണ്
2014-15	2-7	2016-17	അനുബന്ധം 4	തൊഴിൽ നികുതി സംബന്ധിച്ച്	നിയമസഭാ സമിതിയുടെ

					പരിഗണന യിലാണ്
2015-16	2-5	2016-17	അനുബന്ധം 5	തൊഴിൽ നികുതി സംബന്ധിച്ച്	നിയമസഭാ സമിതിയുടെ പരിഗണന യിലാണ്
2020-21	1-15	2021-22	അനുബന്ധം 1	വാണിജ്യാവശ്യ ത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത്	നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പുൾപ്പെടെ) (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)	:	**8,55,80,702.05**
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)	:	**5,30,71,942.00**
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	38,78,493/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-19	1,50,000	ശ്രീമതി ഷാലിനി വർഗ്ഗീസ് സെക്രട്ടറി
1-22	49,890	ശ്രീമതി ഷാലിനി വർഗ്ഗീസ് സെക്രട്ടറി
1-23	4,45,487	ഡോ ബിജു ജോൺ സി എച്ച് സി തലയോലപ്പറമ്പ്

1-24	4,99,960	ഡോ ബിജു ജോൺ സി എച്ച് സി തലയോലപ്പറമ്പ്
1-25	57,000	ഡോ ബിജു ജോൺ സി എച്ച് സി തലയോലപ്പറമ്പ്
1-26	6,60,854	ശ്രീമതി ബീന റഹ്മാൻ അസി എൻജിനീയർ
1-27	1,87,500	ഡോ മിനി ജോസഫ് വെറ്ററനറി സർജൻ
1-28	24,640	ഡോ മിനി ജോസഫ് വെറ്ററനറി സർജൻ
1-31	1,09,315	ഡോ ബിജു ജോൺ സി എച്ച് സി തലയോലപ്പറമ്പ്
1-33	4,63,130	ശ്രീമതി ബീന റഹ്മാൻ അസി എൻജിനീയർ
1-34	99,820	ശ്രീമതി ഷാലിനി വർഗ്ഗീസ് സെക്രട്ടറി
1-35	2,00,897	ഡോ. അബ്ദുൾ ഗഫൂർ കെ,മെഡിക്കൽ ഓഫീസർ ഹോമിയോ
1-36	9,00,000	ശ്രീമതി ഷാലിനി വർഗ്ഗീസ് സെക്രട്ടറി
1-37	30000	ശ്രീമതി സന്ധ്യ എസ് സി അസി സെക്രട്ടറി
ആകെ	38,78,493/-	

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

1997-98 വരവ്	എൽ.എഫ്.കെ.പി5/1062/07/30.06.09/6.10.09	
1999-00 ചെലവ്	കെഎസ് എ കെടിഎം പി8/ അദാ.22/1142(1)/1.8.22	5
1998-99 വരവ്	എൽ.എഫ്.കെ.പി5/1096/07/30.06.09/6.10.09	
1999-00 വരവ്	എൽ.എഫ്.കെ.പി5/1097/07/1.07.09/6.10.09	
പ്ലാൻ 2000-01, 01-02	കെഎസ് എ കെടിഎം പി8/ അദാ.22/1142(5)/22/1.8.22	
2002-03, ചെലവ്	എൽ.എഫ്.കെ.പി5/678/05/30.03.18	
2000-01 വരവ്	എൽ.എഫ്.കെ.പി5/1098/07/30.06.09/14.9.09	
2001-02	എൽ.എഫ്.കെ.പി5/1082/08/30.03.10	
2003-04	കെഎസ് എ കെടിഎം പി8/ അദാ.22/1142(4)/1.8.22	13
2004-05	കെഎസ് എ കെടിഎം പി8/ അദാ.22/1142(5)/1.8.22	6
2005-06	കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(4)/2018/16.02.18/14.03.18	2
2006-07	കെഎസ് എ കെടിഎം പി8/ അദാ.22/1142(6)/1.8.22	8
2007-08	കെ.എസ്.എ- കെ.ടി.എം.പി8(അദാ.)22/1142(7)/22/01.08.2022	12
2008-09	കെഎസ് എ കെടിഎം പി8/ അദാ.22/1142(8)/22/1.8.22	4
2009-10	കെഎസ് എ കെടിഎം പി8/ അദാ.22/1142(9)/22/1.8.22	12
2010-11 & 2011-12	കെഎസ് എ കെടിഎം പി8/ അദാ.22/1142(9)/22/1.8.22	11
2012-13	കെഎസ് എ കെടിഎം പി8/ അദാ.22/1142(11)/22/1.8.22	4
2013-14	കെഎസ് എ കെടിഎം പി8/ അദാ.22/1142(13)/22/1.8.22	5
2014-15	കെഎസ് എ കെടിഎം പി8/ അദാ.22/860(1)/22/1.8.22	10
2015-16	കെഎസ് എ കെടിഎം പി8/ അദാ.22/860(2)/22/1.8.22	11
2016-17	കെഎസ് എ കെടിഎം പി8/ അദാ.22/142/22/1.8.22	17
2017-18	കെഎസ് എ കെടിഎം പി8/ അദാ.22/860(3)/22/1.8.22	14
2018-19	കെഎസ് എ കെടിഎം പി8/ അദാ.22/860(4)/22/1.8.22	19
2019-20	കെഎസ് എ കെടിഎം പി8/100/22/8.6.22	20
2020-21	കെഎസ് എ കെടിഎം പി8/1016/22/9.6.22	34
2021-22	കെഎസ്എ കെടിഎം/പി8/363/23 /31.03.23	17
2022-23	കെഎസ്എ കെടിഎം/പി8/1502/23/03/11/23	48

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1

Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1/1 dated 07-06-2024 and submitted on 19-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Thalayolaparambu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Thalayolaparambu Grama Panchayat as on 31-03-2024

Date: 21/11/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Thalayolaparambu Grama Panchayat for the Year 2023-2024.

1.Major Observations

1. The accuracy of the total general fund of the Grama Panchayath as on 31/03/2024 is not clear in the absence of supporting documents.
2. A capital contribution register recording the capital-revenue-wise expenditure of various grants, has not maintained.
3. Assets are not classified, evaluated and accounted as per instructions in G.O.(MS)152/2011 dated 26/07/2011. No records have been maintained elucidating the authenticity and accuracy of the information and value of assets as on 31/03/2024.

2.Other Observations

1. Government/Other dues register is not maintained which shows the accuracy of the amounts due to Government/Other Institutions.
2. On verification of the annual accounts, the abstract, total amount of (Reciept & Payment) of Income &Expenditure, Receipt & Payment and Assets and Liability of Balance Sheet differs from the actual total of various schedules.

Deputy Director
District Office Kottayam
Kerala State Audit Department

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്